2023
AUGUST
02
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## പാക്ക് അധിനിവേശ കശ്മീരിലൂടെ റോഡ്

# 60 ബില്യൻ ഡോളർ അനുവദിക്കാൻ ചൈന



**ബെയ്ജിങ്:** പാക്കിസ്ഥാനിലെ ബലുചിസ്ഥാനിലുള്ള ഗ്വാദർ തുറമുഖത്തെ ചൈനയിലെ ഷിൻജിയാങ് പ്രവിശ്യയുമായി ബന്ധിപ്പിക്കുന്ന വിവാദ ഇടനാഴി നടപ്പാക്കാനുള്ള നടപടികളുമായി ചൈനയും പാക്കിസ്ഥാനും മുന്നോട്ട്. പാക്ക് അധിനിവേശ കശ്മീരിലൂടെയുള്ള ഇടനാഴി നടപ്പാക്കുന്നതിനെ ഇന്ത്യ എതിർക്കുന്നതിനിടെയാണു പുതിയ നീക്കം.

ചൈന പാക്കിസ്ഥാൻ ബന്ധത്തിന്റെ പത്താം വാർഷികം ആഘോഷിക്കുന്ന വേളയിലാണു പദ്ധതിയുമായി മുന്നോട്ടു പോകുമെന്ന് ചൈനീസ് പ്രസിഡന്റ് ഷി ചിൻപിങ് അറിയിച്ചത്. ചൈന പാക്കിസ്ഥാൻ ഇക്കണോമിക് കോറിഡോർ (സിപിഇസി) പദ്ധതിയുടെ ഭാഗമായി 60 ബില്യൻ ഡോളർ അനുവദിക്കുമെന്നും ഷി ചിൻപിങ് അറിയിച്ചു. ചൈനയെയും പാക്കിസ്ഥാനെയും ബന്ധിപ്പിക്കുന്ന ബെൽറ്റ് ആൻഡ് റോഡ് ഇനിഷ്യേറ്റീവ് (ബിആർഐ) പദ്ധതിക്കുവേണ്ടിയാണ് പ്രധാനമായും തുക അനുവദിക്കുന്നത്. പാക്ക് ചൈന ബന്ധത്തിന്റെ പത്താം വാർഷികവുമായി ബന്ധപ്പെട്ട് ഇസ്ലാമാബാദിൽ തിങ്കളാഴ്ച നടത്തിയ ആഘോഷവേളയിലാണ് ഷി ചിൻപിങ് തുക അനുവദിക്കുമെന്ന സന്ദേശം അറിയിച്ചത്.

ഉന്നത നിലവാരത്തിലാണ് പാക്കിസ്ഥാനും ചൈനയും ചേർന്നു പ്രവ!ർത്തിക്കുന്നതെന്ന് ഷി ചിൻപിങ് പറഞ്ഞു. ബെൽറ്റ് ആൻഡ് റോഡ് കോഓപ്പറേഷൻ മാതൃകാപരമാണ്. 2013 മുതൽ പരസ്പര സഹകരണത്തോടെ നിരവധി നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചു. വരും കാലഘട്ടത്തിൽ പാക്കിസ്ഥാനിലെയും ചൈനയിലെയും ജനങ്ങൾ തമ്മിൽ അടത്ത ബന്ധം പുലർത്തേണ്ടതുണ്ട്. രാജ്യാന്തര ഭൂപ്രകൃതി എങ്ങനെ മാറിയാലും ചൈന പാക്കിസ്ഥാനൊപ്പം ഉറച്ചുനിൽക്കും. സുരക്ഷയ്ക്കും വികസനത്തിനുമായി തോളോടുതോൾ ചേർന്നു പ്രവർത്തിക്കുമെന്നും ഷി ചിൻപിങ് അറിയിച്ചു.

ആഘോഷങ്ങളുടെ ഭാഗമായി ചൈനയുടെ വൈസ് പ്രീമിയർ ഹിലൈഫെങ് മൂന്നു ദിവസം പാക്കിസ്ഥാൻ സന്ദർശനം നടത്തുന്നുണ്ട്.




## തമിഴ്നാട്ടിൽ 1600 കോടി കൂടി നിക്ഷേപിക്കാൻ ഫോക്സ്കോൺ

**ചെന്നൈ:** തയ്വാൻ സ്ഥാപനമായ ഫോക്സ്കോണിന്റെ അനുബന്ധ സ്ഥാപനമായ ഫോക്സ്കോൺ ഇൻഡസ്ട്രിയൽ ഇന്റർനെറ്റ് തമിഴ്നാട് സർക്കാരുമായി 1600 കോടി രൂപയുടെ പുതിയ കരാർ ഒപ്പിട്ടു. ഇലക്ട്രോണിക്സ് ഘടകങ്ങളുടെ നിർമാണ ഫാക്ടറി കാഞ്ചീപുരത്ത് സജ്ജീകരിക്കുന്നതു വഴി 6,000 പേർക്ക് തൊഴിലും ലഭിക്കും. ഫോക്സ്കോൺ ഗ്രൂപ്പ് ചെയർമാൻ യംങ് ലിയു തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിനുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കു ശേഷമാണു കരാർ ഒപ്പിട്ടത്.

ചെന്നൈയിൽ ആപ്പിളിനായി ഐഫോണുകൾ നിർമിക്കുന്ന ഫോക്സ്കോണിൽ നിലവിൽ 35,000 ജീവനക്കാരുണ്ട്. ഏകദേശം 47000 കോടി രൂപയുടെ ഇലക്ട്രോണിക്സ് ഉൽപന്ന കയറ്റുമതിയാണ് 20222023 കാലയളവിൽ തമിഴ്നാട്ടിൽ നിന്നുണ്ടായത്. രാജ്യത്തിന്റെ ഇലക്ട്രോണിക് കയറ്റുമതിയുടെ 22.8% സംഭാവന ചെയ്യുന്നതും തമിഴ്നാടാണ്.

## ഇൻസ്റ്റന്റ് വിഡിയോ മെസേജ് വാട്സാപ്പിൽ എല്ലാവർക്കും

**മുംബൈ:** വിഡിയോ ഫയൽ സൃഷ്ടിക്കാതെ തന്നെ സ്റ്റിക്കർ മാതൃകയിൽ ശബ്ദം ഉൾപ്പെടുന്ന വിഡിയോ സന്ദേശങ്ങൾ അയയ്ക്കാൻ സാധിക്കുന്ന ഇൻസ്റ്റന്റ് വിഡിയോ മെസേജ് എല്ലാ വാട്സാപ് ഉപയോക്താക്കൾക്കുമായി അവതരിപ്പിച്ചു. ഒരു മാസം മുൻപ് ബീറ്റ ഉപയോക്താക്കൾക്കായി അവതരിപ്പിച്ച സംവിധാനം ഇപ്പോഴാണ് എല്ലാവരിലേക്കും എത്തിയത്. വാട്സാപ്പിൽ ശബ്ദ സന്ദേശങ്ങൾ അയയ്ക്കാൻ ഉപയോഗിക്കുന്ന മൈക്രോഫോൺ ഐക്കണിൽ ക്ലിക്ക് ചെയ്താൽ തെളിയുന്ന വിഡിയോ ക്യാമറ ഐക്കൺ വഴി ഇതുപയോഗിക്കാം. ശബ്ദസന്ദേശം അയയ്ക്കുന്നതുപോലെ തന്നെ ക്യാമറ ഐക്കണിൽ അമർത്തിപ്പിടിച്ച് ഒരു മിനിറ്റ് വരെ ദൈർഘ്യമുള്ള വിഡിയോ സന്ദേശം അയയ്ക്കാം.

## വിശ്വഹിന്ദുപരിഷത്തിന്റെ ബ്രിജ് മണ്ഡൽ യാത്ര തടഞ്ഞു: സംഘർഷം 4 മരണം

**ഗുരുഗ്രാം:** ഹരിയാനയിലെ നൂഹിൽ തിങ്കളാഴ്ച വിശ്വഹിന്ദുപരിഷത്തിന്റെ ബ്രിജ് മണ്ഡൽ യാത്ര തടഞ്ഞ് മുസ്ലീം തീവ്രവാദികൾ. സംഘർഷത്തിൽ നാല് മരണം. നീരജ്, ഗുർസേവക് എന്നീ രണ്ട് ഹോം ഗാർഡുകളും മൗലാന മുഹമ്മദ് സാദ് എന്ന ഇമാമും ഒരു സാധാരണക്കാരനും ഉൾപ്പെടെ നാലു പേർ കൊല്ലപ്പെട്ടിരുന്നു. സംഘർഷത്തെ തുടർന്ന് സംസ്ഥാനത്ത് മൊബൈൽ ഇന്റർനെറ്റ് സേവനങ്ങൾ ബുധനാഴ്ച വരെ താൽക്കാലികമായി നിർത്തിവച്ചു. ഗുരുഗ്രാമിലെ സിവിൽ ലൈനിൽനിന്ന് ബിജെപി ജില്ലാ പ്രസിഡന്റ് ഗാർഗി കക്കർ ബ്രിജ് മണ്ഡല് യാത്ര ഫ്ലാഗ് ഓഫ് ചെയ്തു. യാത്രയ്ക്കൊപ്പം പൊലീസ് സന്നാഹത്തെയും വിന്യസിച്ചിരുന്നു. നൂഹിൽ വച്ച് യാത്രയ്ക്കു നേരെ ഒരു സംഘത്തിന്റെ കല്ലേറുണ്ടായി. യാത്രയുടെ ഭാഗമായ കാറുകൾ അഗ്നിക്കിരയാക്കി. ചില പൊലീസ് വാഹനങ്ങൾക്കും കേടുപാടുകൾ സംഭവിച്ചു.ആക്രമണത്തിനു പിന്നിൽ മേവാത് മുസ്ലീംങ്ങളാണ്. വിഭജനത്തിന് ശേഷം പാക്കിസ്ഥാനിലേക്ക് പോകാൻ ആഗ്രഹിച്ചവരായിരുന്നു മേവാതിലെ മുസ്ലീം സമൂഹം.

## ഐടി റിട്ടേൺ: ഇന്നലെ 6 വരെ 6.5 കോടി റിട്ടേണുകൾ

**ന്യൂഡൽഹി:** ആദായനികുതി റിട്ടേൺ സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചതോടെ ഇന്നലെ വൈകിട്ട് 6 വരെ 6.5 കോടിയിലധികം റിട്ടേണുകൾ ഫയൽ ചെയ്യപ്പെട്ടു.

ഇതിൽ 36.91 ലക്ഷം റിട്ടേണുകൾ ഇന്നലെയാണെത്തിയത്. ഇന്നലെ മാത്രം 1.78 കോടി തവണ ആളുകൾ പോർട്ടലിൽ ലോഗിൻ ചെയ്തു. സമയപരിധിക്കുള്ളിൽ ചെയ്യാത്തവർക്ക് ഡിസംബർ 31 വരെ ഫയൽ ചെയ്യാമെങ്കിലും ലേറ്റ് ഫീ നൽകേണ്ടി വരും.

വാർഷിക ആദായം 5 ലക്ഷത്തിനു മുകളിലുള്ളവർക്ക് 5,000 രൂപയും താഴെയുള്ളവർക്ക് 1,000 രൂപയുമാണ് പിഴ.



# പച്ചത്തേങ്ങ സംഭരണം പാളി തെങ്ങിനെ കൈവിട്ട് കർഷകർ



**പയ്യന്നൂർ:** കാസർകോട് ജില്ലയിൽ പച്ചത്തേങ്ങയ്ക്ക് കിലോയ്ക്ക് 34 രൂപ. കണ്ണൂർ ജില്ലയിൽ 21 രൂപ. ജില്ലാ അതിർത്തിയിൽ ഒരു മതിൽക്കെട്ട് വ്യത്യാസത്തിലാണ് കിലോയ്ക്ക് 13 രൂപയുടെ വ്യത്യാസം. ജില്ലയിലെ പയ്യന്നൂർ മേഖലയിലെ കേര കർഷകന് തേങ്ങ വിൽക്കാൻ വിപണി വേണം. കാസർകോട് ജില്ലയുടെ അതിർത്തി ഗ്രാമമായ ചീമേനിവരെ പച്ചത്തേങ്ങ സംഭരണം നടക്കുമ്പോൾ അതിനോട് ചേർന്നുള്ള കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ പെരളം, കാങ്കോൽ ആലപ്പടമ്പ്, പെരിങ്ങോം വയക്കര, ചെറുപുഴ പഞ്ചായത്തുകളിലെയും താലൂക്കിലെയും കേര കർഷകർ വിൽക്കാൻ വിപണിയില്ലാതെ തെങ്ങിൻ ചുവട്ടിലും പറമ്പുകളിലും കൊപ്രക്കളത്തിലുമൊക്കെ തേങ്ങ കൂട്ടിയിട്ട് കാത്തിരിക്കുകയാണ്.

പച്ചത്തേങ്ങ സംഭരണം അതിർത്തി കടന്ന് കണ്ണൂർ ജില്ലയിലേക്കും വരുമെന്ന പ്രതീക്ഷയോടെയുള്ള ഇവരുടെ കാത്തിരിപ്പ് തകർത്തു കൊണ്ടു തേങ്ങയ്ക്കു മുള പൊട്ടുന്നു. പയ്യന്നൂർ താലൂക്കിലെ ഒരു സഹകരണ സ്ഥാപനവും പച്ചത്തേങ്ങ സംഭരണത്തിന് തയാറാകുന്നില്ലെന്നാണ് കൃഷി ഉദ്യോഗസ്ഥർ പറയുന്നത്. പ്രധാന സഹകരണ സ്ഥാപനങ്ങളിലെല്ലാം ഉദ്യോഗസ്ഥർ കയറിയിറങ്ങി. ആരും കരുണ കാട്ടുന്നില്ലെന്നാണ് അവർ പറയുന്നത്. മുക്കിന് മുക്കിന് സഹകരണ സ്ഥാപനങ്ങളുള്ള നാടിന്റെ ഗതികേട് !

34 രൂപയാണ് കേരഫെഡ് സംഭരിക്കുന്ന പച്ചത്തേങ്ങയ്ക്ക് നൽകുക. ഒരു വർഷം ഒരു തെങ്ങിന്റെ 70 നാളികേരം ഇവർക്ക് കൊടുക്കാം. എന്നാൽ സ്ഥലപരിധി വിട്ട് നൽകാനാവില്ല. അതിർത്തി പ്രദേശമാണെങ്കിലും ചീമേനിയിലും അതിനോട് ചേർന്ന പ്രദേശങ്ങളിലുമുള്ള കണ്ണൂർ ജില്ലക്കാർക്ക് തേങ്ങ നൽകാനാവില്ല. പച്ചത്തേങ്ങയുമായി എത്തുന്നവർ നികുതി അടച്ച രശീതും നികുതി അടച്ച സ്ഥലത്തെ തെങ്ങിൽ നിന്ന് ഉൽപാദിപ്പിച്ച തേങ്ങയാണെന്ന കൃഷി ഓഫിസറുടെ സർട്ടിഫിക്കറ്റും ആധാർ കാർഡും ബാങ്ക് പാസ് ബുക്കുമെല്ലാം ഹാജരാക്കിയാലേ തേങ്ങ എടുക്കൂ. അതുകൊണ്ട് ജില്ലയുടെ വടക്കൻ മേഖലയിലെ കേര കർഷകർക്ക് ചീമേനിയിൽ കേരഫെഡിന് പച്ചത്തേങ്ങ നൽകാനാകില്ല. വലിയ ദുരിതത്തിലാണ് കേര കർഷകർ. പ്രധാന തോട്ടവിളയാണ് തെങ്ങ്. 5 തെങ്ങെങ്കിലും ഇല്ലാത്ത പുരയിടം കുറവാണ്.

ഇന്ത്യയിലെ ശരാശരി നാളികേര ഉൽപാദനം ഒരു തെങ്ങിൽ നിന്ന് 37 ആണെങ്കിൽ കേരളത്തിലെ ശരാശരി നാളികേര ഉൽപാദനം തെങ്ങ് ഒന്നിന് 28 ആണ്. ഇതൊക്കെയാണെങ്കിലും കേരകർഷകർ പിറകോട്ട് പോവുകയാണ്. വർഷാവർഷം വളം നൽകാനും തേങ്ങ പറിക്കാനും പൊതിക്കാനും മറ്റും തൊഴിലാളികളെ കിട്ടാത്തതും കർഷകരെ പിറകോട്ടടിപ്പിക്കുന്നു. പ്രായമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈ നടാൻ കേര കർഷകർ മടി കാട്ടുകയാണ്. വേര് മുതൽ ഓല വരെ എല്ലാം ഉപയോഗപ്രദമാണെങ്കിലും അതിൽ നിന്നുള്ള വരുമാനമൊന്നും കേര കർഷകർ പ്രതീക്ഷിക്കുന്നില്ല.

അവർക്ക് തേങ്ങക്കെങ്കിലും ന്യായ വില കിട്ടണം. കേര കർഷകരെ സഹായിക്കാൻ രൂപീകരിച്ച കേരഫെഡും നാഫെഡും പുറംതിരിഞ്ഞ് നിൽക്കുമ്പോൾ കേർഷകർ വീണ്ടും പുതിയ തെങ്ങിൻ തൈകൾ നട്ട് ഭാവി പരീക്ഷണത്തിന് തയാറാകുന്നില്ല.

തദ്ദേശ സ്ഥാപനങ്ങൾ കേര കർഷകർക്ക് വളവും തെങ്ങിൻ തൈകളും നൽകുന്നുണ്ടെങ്കിലും അതൊന്നും കർഷകന്റെ പ്രശ്നത്തിന് പരിഹാരമാകുന്നില്ല. പയ്യന്നൂർ താലൂക്കിൽ പച്ച തേങ്ങ സംഭരണം നടക്കാത്ത സാഹചര്യത്തിൽ പ്രതിസന്ധിയിലായ കേര കർഷകരെ കർഷക സംഘം വിളിച്ച് ചേർത്ത് ചർച്ച ചെയ്യുകയുണ്ടായി. സംഘടന പച്ചത്തേങ്ങ സംഭരണം കാര്യക്ഷമമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ സമ്മർദവും അവരുടെ ഭാഗത്ത് നിന്ന് തുടങ്ങിയിട്ടുണ്ട്. പച്ച തേങ്ങ സംഭരിക്കാൻ സഹകരണ സ്ഥാപനങ്ങൾ തയാറായാൽ അനുമതി നൽകുമെന്ന് കേര ഫെഡ് വ്യക്തമാക്കിയിട്ടുണ്ട്.

കർഷകരിൽ നിന്ന് 3 ശതമാനവും കേരഫെഡിൽ 5 ശതമാനവും സഹകരണ സ്ഥാപനത്തിന് കമ്മിഷനായി ലഭിക്കും. കേരഫെഡ് 34 രൂപ നൽകുന്നതിനാൽ പൊതുമാർക്കറ്റുമായി 12 രൂപയിലധികം ലഭിക്കുന്നതിനാൽ കർഷകർ പൂർണമായും സംഭരണവുമായി സഹകരിക്കും.

കേരഫെഡ് കർഷകന്റെ അക്കൗണ്ടിലേക്ക് പണം നേരിട്ട് നൽകുന്നതിനാൽ സംഭരണം ഏറ്റെടുക്കുന്ന സ്ഥാപനങ്ങൾ സാമ്പത്തിക പ്രയാസം അനുഭവപ്പെടില്ല. മേയ് 15 വരെ പച്ച തേങ്ങ നൽകിയ കർഷകർക്കെല്ലാം കേരഫെഡ് പണം നൽകിയിട്ടുണ്ട്. അതുകൊണ്ടു തന്നെ സഹകരണങ്ങൾ കേര കർഷകരെ സഹായിക്കാൻ മുന്നോട്ടു വരുമെന്ന പ്രതീക്ഷയിലാണ് പയ്യന്നൂർ താലൂക്കിലെ കേര കർഷകർ.

## വെച്ചൂരിൽ കാർഷിക വികസനത്തിന് 41.63 ലക്ഷം രൂപയുടെ പദ്ധതികൾ

**കോട്ടയം:** കാർഷിക വികസനത്തിന് 41.63 ലക്ഷം രൂപയുടെ പദ്ധതികളുമായി വെച്ചൂർ ഗ്രാമപഞ്ചായത്ത്. 2023 24 വാർഷിക പദ്ധതിയിലൂടെയാണ് തുക ചെലവഴിക്കുന്നത്. ഭൂമിശാസ്ത്രപരമായി കൃഷിക്ക് ഏറെ പ്രാധാന്യമുള്ള പ്രദേശമാണ് വെച്ചൂർ. കാർഷിക, മത്സ്യബന്ധന മേഖലകളെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിലെ ഭൂരിഭാഗമാളുകളും. നെല്ലാണ് പ്രധാന കാർഷിക വിള. 30 പാടശേഖരങ്ങളാണ് പഞ്ചായത്തിലുള്ളത്. ഈ പാടശേഖരങ്ങളിൽ 3500 ഏക്കർ ഭൂമിയിലാണ് നെൽകൃഷി. ഒരേക്കറിൽ 20 മുതൽ 22 കിന്റൽ വരെ നെല്ലാണ് പ്രതിവർഷം ഉത്പാദിപ്പിക്കുന്നത്. നെൽകൃഷി വികസനത്തിനാണ് പഞ്ചായത്ത് ഏറ്റവും അധികം തുക ചെലവഴിക്കുന്നത്. നെൽവിത്തുവിതരണത്തിനായി 33 ലക്ഷം രൂപയാണ് ചെലവഴിച്ചത്. കീട രോഗങ്ങളുടെ തീവ്രവ്യാപന നിയന്ത്രണത്തിനും, പാടശേഖരങ്ങളിലെ എലി ശല്യം തടയുന്നതിനും മറ്റുമായി ഒന്നരലക്ഷം രൂപയും പഞ്ചായത്ത് അനുവദിച്ചു.

ഓണം വിപണി ലക്ഷ്യമാക്കി ആരംഭിച്ച പുഷ്പകൃഷിക്കായി 1.25 ലക്ഷം രൂപയാണ് ചെലവഴിച്ചത്. കൃഷിഭൂമി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിയോഗ്യമാക്കിയ ശേഷം ബന്തി തൈകൾ നട്ടു. ഹരിത ഗ്രാമം പദ്ധതിയിലൂടെ രണ്ടുഘട്ടങ്ങളായി 2.75 ലക്ഷം രൂപയും തീറ്റപ്പുൽ കൃഷിക്കുള്ള വിത്ത് നടീലിനായി ഒരു ലക്ഷം രൂപയും പഞ്ചായത്ത് ചെലവഴിച്ചു. കേരഗ്രാമം പദ്ധതിയിലൂടെയുള്ള തെങ്ങിൻതൈ വിതരണം പുരോഗമിക്കുകയാണ്. 75 ശതമാനം സബ്സിഡിയിലാണ് തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നത്. ഇതിനായി 48,000 രൂപയാണ് ചെലവഴിക്കുന്നത്. പൂവൻ വാഴ കൃഷി, റെഡ് ലേഡി പപ്പായ കൃഷി, കുറ്റി കുരുമുളക് കൃഷി എന്നിവയ്ക്കായുള്ള തൈകളുടെയും വിത്തുകളുടെയും വിതരണം പുരോഗമിക്കുകയാണെന്ന് വെച്ചൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ആർ. ഷൈലകുമാർ പറഞ്ഞു.

## കൊടുങ്ങല്ലൂർ നഗരസഭ ഖരമാലിന്യ പരിപാലന പദ്ധതിക്ക് 11.9 കോടി രൂപ

**തൃശൂർ:** സംസ്ഥാന സർക്കാരിന്റെ കേരള ഖരമാലിന്യ പരിപാലന പദ്ധതിയിൽ (കെ എസ് ഡബ്ല്യു എം പി) ഉൾപ്പെടുത്തി കൊടുങ്ങല്ലൂർ നഗരസഭയ്ക്ക് 11.9 കോടി രൂപയുടെ കർമ്മ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനുള്ള കൂടിയാലോചനാ യോഗം ചേർന്നു. കൊടുങ്ങല്ലൂർ ടൗൺ ഹാളിൽ മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ വി എസ് ദിനിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം നഗരസഭ ചെയർപേഴ്സൺ ടി കെ ഗീത ഉദ്ഘാടനം ചെയ്തു.

നഗര സഭകളിലും കോർപറേഷനുകളിലും മാലിന്യ സംസ്കരണ പദ്ധതികൾ തയാറാക്കി മാലിന്യ മുക്ത നവകേരളം സൃഷ്ടിക്കുന്നതിന് സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത മാതൃകയാണ് കേരള ഖരമാലിന്യ പരിപാലന പദ്ധതി. അഞ്ച് വർഷത്തേക്കുള്ള സമഗ്ര ഖരമാലിന്യ പരിപാലന പ്ലാൻ എന്ന ലക്ഷ്യത്തോടെ ചേർന്ന യോഗത്തിൽ നഗരസഭയുടെ മാലിന്യ പ്രശ്നങ്ങളുടെ പരിഹാരം, ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിന് ആവശ്യമായ വാഹനം, സാനിറ്ററി വേസ്റ്റ് നശിപ്പിക്കുന്നതിനുള്ള പ്ലാന്റ്, ഉറവിടത്തിൽ



തന്നെ എങ്ങിനെ വേർതിരിക്കൽ വർദ്ധിപ്പിക്കാം, മാലിന്യ ഉൽപാദനം എങ്ങനെ കുറച്ചു കൊണ്ടുവരാം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു.

യോഗത്തിൽ കേരള ഖര മാലിന്യ സംസ്കരണ പദ്ധതി പ്രൊജക്ട് കോർഡിനേറ്റർ അരുൺ വിൻസന്റ് പദ്ധതി വിശദീകരണം നടത്തി.

ടെക്നിക്കൽ സർവ്വീസ് കൺസൾട്ടന്റ് ഉദ്യോഗസ്ഥരായ അനുശ്രീ, രവികുമാർ എന്നിവർ ഖര മാലിന്യ പരിപാലന രൂപരേഖ അവതരിപ്പിച്ചു. യോഗത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ എൽ സി പോൾ, ലത ഉണ്ണികൃഷ്ണൻ , കൗൺസിലർ സജീവൻ തുടങ്ങിയവർ സംസാരിച്ചു.

തുടർന്ന് നടന്ന തുറന്ന ചർച്ചയിൽ മറ്റു ജനപ്രതിനിധികൾ, വ്യാപാര വ്യവസായ സമിതി, ശാസ്ത്ര സാഹിത്യ പരിഷത്ത്, ഹരിത കർമ്മ സേന, കുടുംബശ്രീ പ്രവർത്തകർ, ആരോഗ്യ വിഭാഗം ജീവനക്കാർ മുതലായവർ നിർദേശങ്ങൾ പങ്കുവെച്ചു.

## പ്രധാനമന്ത്രി ദേശീയ ബാല പുരസ്കാരത്തിന് നാമനിർദേശം ക്ഷണിച്ചു

**കോട്ടയം:** കുട്ടികളുടെ ധീരതയ്ക്കും വിശിഷ്ടമായ കഴിവുകൾക്കും നേട്ടങ്ങൾക്കും കേന്ദ്ര വനിതാശിശുവികസന മന്ത്രാലയം ഏർപ്പെടുത്തിയിട്ടുള്ള പ്രധാനമന്ത്രി രാഷ്ട്രീയ ബാല പുരസ്കാരത്തിന് നാമനിർദ്ദേശം ചെയ്യാം.

കായികം, സാമൂഹിക സേവനം, ശാസ്ത്രസാങ്കേതികം, പരിസ്ഥിതി, കലാസാംസ്കാരികം, കണ്ടുപിടുത്തങ്ങൾ എന്നീ മേഖലകളിലെ വിശിഷ്ടമായ കഴിവുകൾക്കും നേട്ടങ്ങൾക്കും അസാമാന്യ ധീരതയ്ക്കും ഏർപ്പെടുത്തിയിട്ടുള്ള ദേശീയ പുരസ്കാരമാണിത്.

18 വയസ് പൂർത്തീകരിക്കാത്ത ഇന്ത്യൻ പൗരന്മാരായ കുട്ടികൾക്കാണ് അപേക്ഷിക്കാവുന്നത്. https://awards.gov.in എന്ന ഓൺലൈൻ പോർട്ടലിലൂടെ ഓഗസ്റ്റ് 31 വരെ നാമനിർദ്ദേശം സമർപ്പിക്കാം. വിശദവിവരം പോർട്ടലിൽ ലഭിക്കും.

## ഭവന വായ്പയ്ക്ക് അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഭവന വായ്പാ പദ്ധതിയുടെ കീഴിൽ വായ്പ അനുവദിക്കുന്നതിനായി ജില്ലയിൽ നിന്നുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

പരമാവധി 20 ലക്ഷം രൂപ വരെയാണ് ലഭിക്കുക. അപേക്ഷകർ 18നും 55 നും മധ്യേ പ്രായമുള്ളവരായിരിക്കണം. തിരിച്ചടവ് കാലാവധി പരമാവധി 20 വർഷം വരെയാണ്. പലിശ നിരക്ക് ഏഴ് ശതമാനം മുതൽ 8.75 ശതമാനം വരെ. തെരഞ്ഞെടുക്കപ്പെടുന്നവർ കോർപ്പറേഷന്റെ നിബന്ധനകൾക്കനുസരിച്ച് വസ്തു ജാമ്യം ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് : 0495 2767606, 9400068511

## ഗസ്റ്റ് ലക്ചറർ ഒഴിവ്

**കോഴിക്കോട്:** ഗവ. വനിതാ പോളിടെക്നിക് കോളേജിൽ ഒഴിവുള്ള ലക്ചറർ (ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്) തസ്തികയിൽ നിയമിക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ചു. ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗിൽ ഒന്നാം ക്ലാസ്സോടെയുള്ള ബി ടെക് ബിരുദമാണ് യോഗ്യത. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ആഗസ്റ്റ് ഏഴിന് രാവിലെ 10 മണിക്ക് പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം പ്രിൻസിപ്പൽ മുമ്പാകെ കൂടിക്കാഴ്ചയ്ക്ക് ഹാജരാകണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് : 0495 2370714

## ഖാദി ഓണം മേള

**കോഴിക്കോട്:** ഓണം ആഘോഷത്തിന്റെ ഭാഗമായി ആഗസ്റ്റ് രണ്ട് മുതൽ 28 വരെ ഖാദി വസ്ത്രങ്ങൾക്ക് പ്രത്യേക റിബേറ്റ് ലഭിക്കും. കോഴിക്കോട് ചെറൂട്ടി റോഡിൽ പ്രവർത്തിക്കുന്ന ഖാദി ഗ്രാമസൗഭാഗ്യ ഷോറൂമിലെ ഖാദി മേളയിലും, വടകര, ബാലുശ്ശേരി, കൊയിലാണ്ടി, പയ്യോളി, ഓർക്കാട്ടേരി, ആയഞ്ചേരി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കേരള ഖാദി ബോർഡിന്റെ ഖാദി ഗ്രാമസൗഭാഗ്യ, ഖാദി സൗഭാഗ്യ ഷോറൂമുകളിലും ഈ കാലയളവിൽ ഖാദി വസ്ത്രങ്ങൾക്ക് റിബേറ്റ് ലഭിക്കുന്നതാണ്.



# ഓണത്തിന് 200 കെ സ്റ്റോറുകൾ കൂടി

**തൃശൂർ:** ഓണത്തിന് മുമ്പായി 200 റേഷൻ കടകൾ കൂടി കേരള സ്റ്റോറുകളാക്കുമെന്ന് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രി അഡ്വ. ജി ആർ അനിൽ. കേരളത്തിലെ ജനങ്ങൾക്ക് ഓണത്തിന് ന്യായവിലക്ക് തന്നെ ഉത്പന്നങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യമേർപ്പെടുത്തുമെന്നും സപ്ലൈകോ ഔട്ട്ലെറ്റുകൾ വർധിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. അന്തിക്കാട് ഗ്രാമപഞ്ചായത്തിലെ സപ്ലൈകോ മാവേലി സ്റ്റോർ സൂപ്പർമാർക്കറ്റായി ഉയർത്തിയതിന്റെ പ്രവർത്തനോദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായിട്ടുപോലും വിപണിവിലയിൽ നിന്ന് കുറച്ചാണ് സംസ്ഥാനത്ത് ഉത്പന്നങ്ങൾ ലഭ്യമാക്കുന്നത്. കൃഷിക്കാർക്ക് നൽകാനുള്ള എല്ലാ അനുകൂല്യങ്ങളും ഓണത്തിന് മുൻപായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പാവപ്പെട്ട ജനങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാതൃകാപരമായ മാറ്റത്തിനാണ് സർക്കാർ നേതൃത്വം കൊടുക്കുന്നതെന്ന് സി സി മുകുന്ദൻ എംഎൽഎ പറഞ്ഞു. ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ ശശിധരൻ ആദ്യ വിൽപ്പന നടത്തി. നിതൃോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കിയാണ് സപ്ലൈകോ മാവേലി സ്റ്റോർ സൂപ്പർമാർക്കറ്റായി പ്രവർത്തനമാരംഭിക്കുന്നത്.

ചടങ്ങിൽ അന്തിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജ്യോതിരാമൻ, ജില്ലാ പഞ്ചായത്തംഗം വി എൻ സുർജിത്ത്,സപ്ലൈകോ മേഖല മാനേജർ കമറുദ്ദീൻ എസ്, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റുമാരായ ടി ബി, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുജിത്ത്, സപ്ലൈകോ തൃശൂർ ഡിപ്പോ അസിസ്റ്റന്റ് മാനേജർ രവികുമാർ എസ്, ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## ഗുരുവായൂർ റെയിൽവേ മേൽപ്പാലം: ഗർഡറുകളെത്തി

**ഗുരുവായൂർ:** റെയിൽവേ മേൽപ്പാല നിർമ്മാണത്തിന്റെ അവസാന ഘട്ട പ്രവൃത്തികൾക്കാവശ്യമായ ഗർഡറുകളും അഡ്ജസ്റ്റ്മെന്റ് സ്പാനുകളും നിർമ്മാണ സ്ഥലത്തെത്തി. തിരുച്ചിറപ്പള്ളി ഫാക്ടറിയിൽ നിന്നും ഗർഡറുകളും അഡ്ജസ്റ്റ്മെന്റ് സ്പാനുകളും എത്തിയതോടെ നിർമ്മാണ തടസ്സങ്ങൾ നീങ്ങി. മേൽപ്പാലം സെപ്റ്റംബർ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയും. ഗർഡറുകൾ സ്ഥാപിക്കുന്നതിനു വേണ്ടി റെയിൽവേ ക്രോസ് ശാശ്വതമായി അടയ്ക്കുന്നതിനു വേണ്ടി കലക്ടറിൽ നിന്നും എൻഒസിയും ലഭ്യമായി.



മേൽപ്പാല നിർമ്മാണത്തിന്റെ ഭാഗമായി പാളത്തിനു മുകളിലുള്ള സ്ലാബ് കോൺഗ്രീറ്റിങ്ങ് ഒരു മാസം കൊണ്ട് പൂർത്തീകരിക്കും. നിർമ്മാണം പൂർത്തിയായ ഭാഗത്തെ കൈവരികളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. പാളത്തിനു മുകളിലെ ഭാഗത്ത് ഗർഡറുകൾ സ്ഥാപിക്കുകയും നിർമ്മാണം പൂർത്തിയായ ഭാഗവും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രവൃത്തി ഉടൻ ആരംഭിക്കും.

പാലത്തിനു മുകളിലുള്ള റോഡ് ടാറിങ്ങ് കൂടി പൂർത്തീകരിക്കുന്നതോടെ ദീർഘകാലത്തെ കാത്തിരിപ്പിന് വിരാമമാകും. സംസ്ഥാന സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ആർ ബി ഡി സി കെ യാണ് മേൽപ്പാല നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുന്നത്.

## സൗരവേലി; പ്രവൃത്തികൾക്ക് തുടക്കം കുറിച്ചു

**കോട്ടയം:** എരുമേലികണ്ണിമല ഭാഗത്തെ വന്യമൃഗശല്യം കുറയ്ക്കുന്നതിന്റെ ഭാഗമായി സൗരവേലി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് തുടക്കം കുറിച്ചു. പദ്ധതിയുടെ ഉദ്ഘാടനം സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ നിർവഹിച്ചു.

ഒരു കിലോമീറ്റർ 100 മീറ്റർ ദൂരത്തിലാണ് വേലി സ്ഥാപിക്കുന്നത്. ഇതിനായി വനം വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 3.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതോടൊപ്പം നിലവിലുള്ള സൗരവേലികളുടെ അറ്റകുറ്റപണികളും നടത്തും. ഒന്നര ആഴ്ച കൊണ്ട് സൗരവേലിയുടെ പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ പറഞ്ഞു.

ഫോറസ്റ്റ് റേഞ്ച് ഓഫീസർ ബി.ആർ. ജയൻ, ബ്ലോക്ക് പഞ്ചായത്തംഗം പി.കെ പ്രദീപ്, ഗ്രാമ പഞ്ചായത്തംഗം ബിൻസി മാനുവൽ, പൊതുപ്രവർത്തകരായ തോമസ് പാലൂക്കുന്നേൽ, അജി വെട്ടുകല്ലാംകുഴി, തങ്കച്ചൻ കാരക്കാട്ട് എന്നിവർ പങ്കെടുത്തു.

## പ്ലൈവുഡ് യാനങ്ങൾക്ക് പകരം എഫ് ആർ പി യാനങ്ങൾ; അപേക്ഷ ക്ഷണിച്ചു

**കണ്ണൂർ:** പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതിയുടെ ഭാഗമായി ഫിഷറീസ് വകുപ്പ് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പ്ലൈവുഡ് യാനങ്ങൾക്ക് പകരമായി ഫൈബർ റീ ഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക് അഥവാ എഫ് ആർ പി യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു.

നിലവിൽ സ്വന്തമായി പ്ലൈവുഡ് യാനങ്ങളുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 32 അടിയിൽ താഴെ നീളമുള്ള എഫ് ആർ പി യാനവും 9.9 എച്ച് പി ഉള്ള ഔട്ട്ബോർഡ് എഞ്ചിനും വലയും വാങ്ങുന്നതിനുള്ള സഹായമാണ് നൽകുന്നത്. യൂണിറ്റ് വിലയുടെ 40 ശതമാനം സർക്കാർ ധനസഹായവും 60 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളതും റിയൽ ക്രാഫ്റ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഫിഷറീസ് വകുപ്പിൽ നിന്നും നിയമാനുസൃത ലൈസൻസുള്ള പ്ലൈവുഡ് യാനം സ്വന്തമായുള്ളതുമായ മത്സ്യത്തൊഴിലാളികളെയാണ് ഗുണഭോക്താക്കളായി പരിഗണിക്കുക.

താൽപര്യമുള്ളവർ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയും അനുബന്ധരേഖകളും സഹിതം ആഗസ്റ്റ് ഒമ്പതിനകം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലോ അടുത്തുള്ള മത്സ്യഭവൻ ഓഫീസിലോ സമർപ്പിക്കണം. ഫോൺ: 0497 2731081.

## അധ്യാപക നിയമനം

**വയനാട്:** വൈത്തിരി ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ എച്ച്.എസ്.എസ്.ടി ഇക്കണോമിക്സ് (ജൂനിയർ) തസ്തികയിൽ താത്കാലിക അധ്യാപക നിയമനം നടത്തുന്നു. ആഗസ്റ്റ് 3 ന് രാവിലെ 11 ന് സ്കൂൾ ഓഫീസിൽ കൂടിക്കാഴ്ച നടക്കും. ഫോൺ: 9633920245.

# ശ്വാസകോശ അർബുദം; നേരത്തെ അറിയാം ജീവിതം നിലനിർത്താം



ഡോ. കെ. മധു
ആസ്റ്റർ മിംസ്
കോഴിക്കോട്

ലംഗ്സ് കാൻസർ അഥവാ ശ്വാസകോശ അർബുദം ബാധിക്കുന്നവരുടെ എണ്ണം ഇന്ന് കൂടി വരികയാണ്. ലോകത്ത് ഏറ്റവുമധികം പേരുടെ മരണത്തിന് കാരണമാകുന്ന കാൻസറാണ് ശ്വാസകോശ അർബുദം. പുരുഷന്മാരിൽ പ്രോസ്റ്റേറ്റ് കാൻസറിനും, സ്ത്രീകളിൽ ബ്രസ്റ്റ് കാൻസറിനും പിന്നിൽ രണ്ടാം സ്ഥാനത്താണ് ശ്വാസകോശ അർബുദം. ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്തവണ്ണം രോഗ നിർണയം വൈകുന്നതാണ് പലപ്പോഴും മരണത്തിലേക്ക് നയിക്കുന്നത്. ഇതിനെ കുറിച്ച് കൃത്യമായ അവബോധമില്ലാത്തതാണ് അപകടത്തിലേക്ക് നയിക്കുന്നത്. ഈ സാഹചര്യത്തിലാണ് ഓഗസ്റ്റ് ഒന്ന് ലോക ശ്വാസകോശ അർബുദ ദിനമായി ആചരിക്കുന്നത്. ജനങ്ങളിൽ കൃതമായ ബോധവൽക്കരണം നടത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് ദിനാചരണം സംഘടിപ്പിക്കുന്നത്.

**രോഗനിർണ്ണയം മുഖ്യം**

ശ്വാസകോശ അർബുദത്തിന് ചികിത്സ നൽകുന്നതിലെ ഏറ്റവും പ്രധാന വെല്ലുവിളി രോഗനിർണണമാണ്. 80 മുതൽ 85 ശതമാനം രോഗികളിലും അസുഖം മൂർച്ഛിച്ച് മൂന്നാം ഘട്ടത്തിലോ നാലാം ഘട്ടത്തിൽ എത്തുമ്പോഴാണ് രോഗ നിർണയം നടക്കുന്നത്. ഇത്തരം രോഗികളിൽ 20 ശതമാനത്തോളം പേരിൽ മാത്രമേ ചികിത്സിച്ച് ഭേദമാക്കാൻ കഴിയൂ. അതേസമയം നേരത്തെ രോഗനിർണയം നടത്തിയവരിൽ 70 ശതമാനത്തിലധികം രോഗികളെയും തിരികെ ജീവിതത്തിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. തുടക്കത്തിലേ കണ്ടുപിടിച്ചാൽ ഭേദമാക്കാനും, കൃത്യമായ ചികിത്സ കൊണ്ടു ശാരീരിക ബുദ്ധിമുട്ടുകൾ കുറക്കാനും കഴിയുമെന്നതിനാൽ നേരത്തെയുള്ള രോഗനിർണയം അത്യാവശ്യമാണ്.

**ലക്ഷണങ്ങൾ അറിഞ്ഞിരിക്കാം, ചികിത്സ വേഗത്തിലാക്കാം**

ശ്വാസകോശ അർബുദത്തിന്റെ ഏറ്റവും പ്രാഥമികമായ ലക്ഷണങ്ങൾ അറിഞ്ഞിരിക്കുന്നത് നമ്മുടെയും ചുറ്റുമുള്ളവരുടെയും ജീവൻ രക്ഷിക്കുന്നതിന് സഹായിക്കും. സ്ഥിരമായി പുകവലിക്കുന്നവരിലും ഹാനികരമായ രാസവസ്തുക്കളുമായി സമ്പർക്കം പുലർത്തുന്നവരിലുമാണ് ശ്വാസകോശ ക്യാൻസർ സാധ്യത കൂടുതലുള്ളത്. പ്രാരംഭ ഘട്ടത്തിൽ, ശ്വാസകോശ അർബുദത്തിന്റെ ലക്ഷണങ്ങൾ തിരിച്ചറിയുന്നത് സാധാരണഗതിയിൽ പ്രയാസമാണ്, തുടക്കത്തിൽ സാധാരശ്വാസകോശണ ലക്ഷണങ്ങൾ മാത്രമുള്ളതിനാൽ തിരിച്ചറിയാൻ പോലും കഴിഞ്ഞെന്നു വരില്ല. എന്നിരുന്നാലും, ചിലപ്പോൾ നാം ശ്രദ്ധിക്കാതെ പോകുന്ന പ്രകടമായ ചില ആദ്യകാല ലക്ഷണങ്ങൾ ഉണ്ടാകാറുണ്ട്. ഈ ലക്ഷണങ്ങൾ തിരിച്ചറിയുന്നത് കൃത്യസമയത്ത് ശരിയായ ചികിത്സ ലഭിക്കാൻ സഹായിക്കും.

**വിട്ടുമാറാത്ത ചുമ**

നമ്മുടെ ശ്വാസനാളത്തിലേക്കും ശ്വാസകോശത്തിലേക്കും പുറത്ത് നിന്നുള്ള വസ്തുക്കൾ കടക്കുന്നത് തടയാനുള്ള ഒരു മാർഗമാണ് ചുമ. എന്നാൽ വിട്ടുമാറാത്ത ചുമയാണ് ശ്വാസകോശ അർബുദത്തിന്റെ ഒരു പ്രധാന ലക്ഷണം. പനി, ജലദോഷം എന്നിവ മൂലം ചുമ ഉണ്ടാകാം. എന്നാൽ രണ്ട് അവസ്ഥകളിലും പത്ത് ദിവസത്തിൽ കൂടുതൽ നീണ്ടുനിൽക്കില്ല. എന്നാൽ ശ്വാസകോശ അർബുദം ബാധിച്ചവരിൽ, ചുമ പതിവായി കാണപ്പെടും. എന്നാൽ യാതൊരു കാരണവുമില്ലാതെ വിട്ടു മാറാത്ത ചുമ തുടർന്നാൽ തീർച്ചയായും വിശദമായി പരിശോധന തേടേണ്ടതാണ്.



**ശ്വാസതടസ്സം**

രണ്ടാംഘട്ടത്തിൽ അതിവേഗത്തിലാണ് ശ്വാസകോശത്തിലെ കാൻസർ കോശങ്ങൾ പെരുകുക. ഇത് ശ്വാസനാളത്തിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുകയും ശ്വാസകോശത്തിലേക്കുള്ള വായുവിന്റെ പ്രവാഹം കുറക്കുകയും ചെയ്യുന്നു. ഇതോടെ ശരീരത്തിന് ആവശ്യമായ വായു ശ്വസിക്കാൻ ബുദ്ധിമുട്ടുന്ന സാഹചര്യമുണ്ടാകും. ഇത് കാൻസർ ബാധിതന് ശ്വാസതടസ്സവും ക്ഷീണവും ഉണ്ടാക്കുന്നു. നടക്കുമ്പോൾ പോലും ശ്വാസം കിട്ടാതെ ബുദ്ധിമുട്ട് അനുഭവപ്പെട്ടേക്കാം.

**ഭാരക്കുറവും ക്ഷീണവും**

ചെറിയ കാലയളവിനുള്ളിൽ യാതൊരു കാരണവുമില്ലാതെ അനിയന്ത്രിതമായുണ്ടാകുന്ന ഭാരക്കുറവ് കാൻസർ ലക്ഷണമായേക്കാം. ശരീര ഭാരം നാല് കിലോയോ അതിനേക്കാൾ അധികമോ കുറയും. കാൻസർ കോശങ്ങളുടെ വളർച്ച മൂലം. വിശപ്പില്ലായ്മ ഉണ്ടാകുന്നതാണ് ശരീരഭാരത്തിൽ മാറ്റത്തിനും ഇടയാക്കുന്നത്. ശരീരഭാരത്തിലെ മാറ്റം നാലു കിലോയോ അതിൽ അധികമോ കുറഞ്ഞാൽ തീർച്ചയായും വിശദ പരിശോധന തേടിയിരിക്കണം.

**കഫത്തിൽ രക്തം കാണുക**

ചെറിയ അളവിലോ വലിയ അളവിലോ ആയിക്കോട്ടെ, കഫത്തിൽ രക്തം കാണപ്പെടുന്നുണ്ടെങ്കിൽ ശ്രദ്ദിക്കണം. ചില സന്ദർഭങ്ങളിൽ വായിലെ മുറിവുകൾ (പുണ്ണുകൾ) കാരണമോ, മോണരോഗം കാരണമോ ഒക്കെയാകാം ഇവ സംഭവിക്കുന്നത്. എന്നാൽ കഫത്തിനുള്ളിലാണ് രക്തം കാണുന്നതെങ്കിൽ തീർച്ചയായും പരിശോധിച്ച് ഉറപ്പു വരുത്തണം.

**രോഗ നിർണയം, ചികിത്സ**

നേരത്തെയുള്ള രോഗനിർണയമാണ് കാൻസർ ചികിത്സയിൽ ഏറ്റവും പ്രധാന ഘടകം. പുകവലിക്കാരിൽ 55 വയസിന് ശേഷവും, കുടുംബത്തിൽ ശ്വാസകോശ രോഗമുള്ളവരുണ്ടെങ്കിൽ അവരും, എൽ.ഡി.സി.റ്റി ഡോസ് സി.ടി പരിശോധന നടത്തണം. റേഡിയേഷൻ തോത് വളരെ കുറവായതിനാൽ ഇത് മറ്റു പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ല. പരിശോധനയിലൂടെ നേരത്തെ തന്നെ രോഗ നിർണ്ണയം നടത്തി ചികിത്സ നിർണയിക്കാൻ കഴിയും. ആവശ്യമെങ്കിൽ ശസ്ത്രക്രിയയിലൂടെ രോഗം പൂർണ്ണമായും നീക്കം ചെയ്യാനും കഴിയും.


**നൂതന ചികിത്സകൾ**

വളരെ നൂതനമായ മരുന്നുകളും, ചികിത്സകളുമാണ് ശ്വാസകോശ അർബുദ ചികിത്സക്കായി ഉപയോഗിക്കുന്നത്. വലിയ തോതിൽ ഗവേഷണങ്ങൾ നടക്കുന്നതിനാൽ അനുദിനം പുതിയ ചികിത്സ രീതികളും ഉയർന്നു വരുന്നുണ്ട്. ജനിതക പരിണാമങ്ങളെ അടിസ്ഥാനമാക്കിയുള്ള ചികിത്സ, ടാർഗറ്റഡ് തെറാപ്പി, ഇമ്മ്യൂണോതെറാപ്പി, നൂതന റേഡിയേഷൻ ചികിത്സ (സ്റ്റീരിയോടാക്ടിക് റേഡിയേഷൻ തെറാപ്പി), വീഡിയോ അസിസ്റ്റഡ് തൊറാസ്കോപ്പിക് ശസ്ത്രക്രിയ തുടങ്ങിയ ചികിത്സകൾ ഇന്ന് ലഭ്യമാണ്.

**അന്തരീക്ഷ മലിനീകരണം കുറക്കാം, കാൻസർ സാധ്യതകളും**

മുഖ്യ കാരണം പുകവലിയാണെങ്കിലും പുകവലിക്കാത്ത ആളുകളിലും ശ്വാസകോശ അർബുദം കൂടിവരുന്ന കാഴ്ചയാണ് ഇന്നുള്ളത്. നമ്മൾ ജീവിക്കുന്ന ചുറ്റുപാടുകളും ശ്വസിക്കുന്ന വായുവും മലിനമാകുന്നതാണ് പ്രധാന കാരണം. അതിനാൽ തന്നെ അന്തരീക്ഷ മലിനീകരണം കുറക്കുന്നതിന് പ്രത്യേക പരിഗണന നൽകിയുള്ള പ്രവർത്തനം വേണം. ഇതിലൂടെ നമ്മുടെ കുടുംബത്തിനും, സമൂഹത്തിനും ഭാവി തലമുറക്കും സുരക്ഷിതമായ ജീവിതം ഉറപ്പുവരുത്താം

**ലംഗ്സ് കാൻസർ അഥവാ ശ്വാസകോശ അർബുദം ബാധിക്കുന്നവരുടെ എണ്ണം ഇന്ന് കൂടി വരികയാണ്. ലോകത്ത് ഏറ്റവുമധികം പേരുടെ മരണത്തിന് കാരണമാകുന്ന കാൻസറാണ് ശ്വാസകോശ അർബുദം. പുരുഷന്മാരിൽ പ്രോസ്റ്റേറ്റ് കാൻസറിനും, സ്ത്രീകളിൽ ബ്രസ്റ്റ് കാൻസറിനും പിന്നിൽ രണ്ടാം സ്ഥാനത്താണ് ശ്വാസകോശ അർബുദം. ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്തവണ്ണം രോഗ നിർണയം വൈകുന്നതാണ് പലപ്പോഴും മരണത്തിലേക്ക് നയിക്കുന്നത്.**



# പത്മാവതി മെഡിക്കൽ ഫൗണ്ടേഷൻ ഇനി മുതൽ ആസ്റ്റർ പി.എം.എഫ് ആശുപത്രി




**കൊല്ലം:** കൊല്ലം ശാസ്താംകോട്ടയിലെ പത്മാവതി മെഡിക്കൽ ഫൗണ്ടേഷൻ (പി.എം.എഫ്) ഇനി മുതൽ രാജ്യത്തെ പ്രധാന ആശുപത്രി ശൃംഖലകളിലൊന്നായ ആസ്റ്റർ ഡി.എം ഹെൽത്ത് കെയറിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കും. ബുധനാഴ്ച ആശുപത്രിയിൽ നടക്കുന്ന ചടങ്ങിൽ കോവൂർ കുഞ്ഞുമോൻ എം.എൽ.എ ഇതിന്റെ ഉദ്ഘാടനം നിർവ്വഹിക്കുമെന്ന് ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസീൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.ആസ്റ്റർ ഗ്രൂപ്പിന്റെ കീഴിലുള്ള സംസ്ഥാനത്തെ ഏഴാമത് ആശുപത്രിയാണ് ആസ്റ്റർ പി.എം.എഫ്. കഴിഞ്ഞ മേയ് 31നായിരുന്നു ആസ്റ്റർ ഡി .എം ഹെൽത്ത് കെയർ പി.എം.എഫുമായി ഇതുസംബന്ധിച്ച കരാറിൽ ഏർപ്പെട്ടത്. കാർഡിയാക് സയൻസ്, കാർഡിയോ തൊറാക്സിക് ആന്റ് വാസ്കുലാർ ശസ്ത്രക്രിയ, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, ഒബ്സ്ട്രറ്റിക്സ് ആൻഡ് ഗൈനക്കോളജി, ഗൈനക്കോളജി, ജനറൽ സർജറി, ഇന്റേണൽ മെഡിസിൻ, ഡെർമറ്റോളജി, ഗ്യാസ്ട്രോ എൻട്രോളജി, ന്യൂറോളജി, നെഫ്രോളജി, എമർജൻസി മെഡിസിൻ, അനസ്തേഷ്യോളജി, ഡെന്റിസ്ട്രി, റൂമറ്റോളജി, സൈക്യാട്രി തുടങ്ങി 16 വിഭാഗങ്ങളിലായി ഏറ്റവും മികച്ച ചികിത്സയാണ് ആസ്റ്റർ പി.എം.എഫിൽ വിഭാവനം ചെയ്യുന്നത്. ഇതിന് പുറമേ കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ അതിവിദഗ്ധരായ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കും. ആദ്യഘട്ടത്തിൽ ന്യൂറോ സർജറി, കരൾ രോഗ വിഭാഗം എന്നിവയിലായി ആഴ്ചയിൽ മൂന്ന് ദിവസം വീതമാകും ഈ സേവനങ്ങൾ നൽകുന്നത്.24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗവും ആംബുലൻസ് സേവനം, അത്യാധുനിക നിലവാരത്തിലുള്ള നാലു ഓപ്പറേഷൻ തീയേറ്ററുകൾ, സി.ടി സ്കാൻ, സർവ്വ സജ്ജമായ ലാബ് സൗകര്യം തുടങ്ങിയവയും സജ്ജമാക്കിയിട്ടുണ്ട്. 100 ബെഡുകളാണ് നിലവിലുള്ളത്. ഭാവിയിൽ 50 ശതമാനം ബെഡുകൾ കൂടി വർധിപ്പിക്കാനാണ് അധികൃതരുടെ തീരുമാനം. മെഡിക്കൽ ഇൻഡൻസീവ് കെയർ യൂണിറ്റ്, ക്രിട്ടിക്കൽ കെയർ യൂണിറ്റ്, നിയോനാറ്റൽ ഐ.സി.യു, സർജിക്കൽ ഐ.സി.യു, സി.ടി.വി.എസ് ഐ.സി.യു എന്നീ തീവ്ര പരിചരണ വിഭാഗങ്ങളിലായി 35 ഐ.സി.യു ബെഡുകളും സജ്ജീകരിക്കും.പൊതുജനങ്ങൾക്ക് ഏറ്റവും മികച്ച ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുക എന്ന ആസ്റ്റർ ഗ്രൂപ്പിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായാണ് പി.എം.എഫിന്റെ പ്രവർത്തനം ഏറ്റെടുക്കുന്നതെന്ന് ഫർഹാൻ യാസീൻ അറിയിച്ചു. ഭാവിയിൽ കൂടുതൽ വിദഗ്ധ ചികിത്സാ സൗകര്യങ്ങൾ കൂടി ലഭ്യമാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.ആസ്റ്റർ പി.എം.എഫ് ഓപ്പറേഷൻ ഹെഡ് വി.കെ വിജീഷ്, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. നഫീൽ അബ്ദുൽ മജീദ്, ക്ലിനിക്കൽ കോ ഓർഡിനേറ്റർ ഡോ. വി. രാഘവൻ തുടങ്ങിയവരും വാർത്ത സമ്മേളനത്തിൽ പങ്കെടുത്തു.

# ’ആർട് ടു ഹാർട്’ ചിത്രപ്രദർശനവുമായി പിതാവും പുത്രിമാരും

**കൊച്ചി:**പ്രവാസി കലാകുടുംബത്തിൽ നിന്നുള്ള പിതാവും പുത്രിമാരും ചേർന്ന് കൊച്ചിയിൽ ’ആർട് ടു ഹാർട്’എന്ന പേരിൽ ചിത്രപ്രദർശനം നടത്തുന്നു. പ്രവാസിയായ വർഗ്ഗീസ് നൈജുവും മക്കളായ കേസിയ മോണിക്ക, സെമിറ നൈജു എന്നിവരുടെ ചിത്രങ്ങളാണ് ഫോർട്ട് കൊച്ചി ഡേവിഡ് ഹാളിൽ ആഗസ്റ്റ് 3 മുതൽ 6 വരെ പ്രദർശിപ്പിക്കുന്നത്. രാവിലെ 10 മണിമുതൽ 8 മണിവരെയാണ് പ്രദർശനം.കൊച്ചി ബിനാലെ സ്ഥാപകനായ ബോണി തോമസ് പ്രദർശനം ഉദ്ഘാടനം ചെയ്യും. കൊച്ചി എംൽഎ കെ ജെ മാക്സി, കൊച്ചി ഡെപ്യൂട്ടി മേയർ കെ എ അൻസിയ, ജിയോജിത് മാനേജിങ് ഡയറക്ടർ സി ജെ ജോർജ്, ജിയോജിത് എക്സിക്യൂട്ടീവ് ഡയറക്ടർ എ ബാലകൃഷ്ണൻ, പ്രമുഖ സിനിമാതാരം സാജൻ പള്ളുരുത്തി എന്നിവർ പങ്കെടുക്കും. ദുബൈയിലെ പ്രമുഖ നിക്ഷേപ സേവന സ്ഥാപനമായ ബർജീൽ ജിയോജിത്തിൽ ജോലി ചെയ്യുന്ന നൈജു ചെറുപ്പം തൊട്ടേ ചിത്രകലാ രംഗത്ത് സജീവമാണ്. ജോലിതിരക്കിനിടയിലും തനിക്ക് ജന്മസിദ്ധിയായ് ലഭിച്ച ചിത്രരചനാ പാടവത്തിന് പുതിയ ആവിഷ്കാര തലങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്ന നൈജു തന്റെ ചിന്തകളെയും വികാരങ്ങളെയും കാഴ്ചകളെയും നിരന്തരം കാൻവാസിലേക്ക് പകർത്താറുണ്ട്. അച്ഛൻ വരയ്ക്കുന്നത് കണ്ടു പഠിച്ചാണ് പത്താം ക്ലാസ് വിദ്യാർത്ഥിനിയായ കേസിയയും അഞ്ചാം ക്ലാസ് വിദ്യാർത്ഥിനിയായ സെമിറയും വരയ്ക്കാൻ തുടങ്ങിയത്. രണ്ടുപേരും ചിത്രകലയിൽ തങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധചെലുത്തുന്നു.




# ഇടിഎഫ്, മ്യൂച്വൽ ഫണ്ട് ബാസ്ക്കറ്റുകളുമായി ഇൻവെസ്‌ടൈഗർ ആപ്പ്

Sharekhan by BNP PARIBAS

**കൊച്ചി:** ഓൺലൈൻ ബ്രോക്കറേജ് സ്ഥാപനമായ ഷെയർഖാൻ തങ്ങളുടെ ഇൻവെസ്ടൈഗർ ആപ്പിലൂടെ തെരഞ്ഞെടുത്ത ഇടിഎഫുകൾ, ലക്ഷ്യാധിഷ്ഠിത മ്യൂചൽ ഫുകൾ എന്നിവയുടെ ബാസ്ക്കറ്റുകൾ അവതരിപ്പിച്ചു. ചെറുകിട നിക്ഷേപകർക്കായി തെരഞ്ഞെടുത്ത ഓഹരികളുടെ ബാസ്ക്കറ്റുകളും ഇതിലൂടെ ലഭ്യമാക്കുന്നു്.2022 ജൂണിൽ അവതരിപ്പിച്ച ഇൻവെസ്ടൈഗർ ആപ്പിൻറെ ഒന്നാം വാർഷികത്തോട് അനുബന്ധിച്ചാണ് ഇതവതരിപ്പിക്കുന്നത്. ചെറുകിട, ഇടത്തരം നിക്ഷേപകർക്കായുള്ള മെച്ചപ്പെടുത്തിയ സംവിധാനങ്ങളാണിതിലൂടെ ലഭ്യമാക്കുന്നതെന്ന് ഷെയർഖാൻ ബൈ ബിഎൻപി പാരിബയുടെ സീനിയർ വൈസ് പ്രസിഡൻറും ക്യാപിറ്റൽ മാർക്കറ്റ്സ് സ്ട്രാറ്റജി വിഭാഗം മേധാവിയുമായ ഗൗരവ് ദുവ പറഞ്ഞു. ഇൻവെസ്ടൈഗറിൻറെ പ്രീമിയർ വിഭാഗത്തിലുള്ള എല്ലാ ഓഹരി ബാസ്ക്കറ്റുകളും മൂന്നു മാസ, ആറു മാസ, ഒരു വർഷ കാലാവധികളിലും തുടക്കം മുതലുള്ള കണക്കുകളിലും അടിസ്ഥാന സൂചികയേക്കാൾ മികച്ച പ്രകടനം കാഴ്ച വെച്ചിട്ടു്. പ്രധാന ര് സ്റ്റോക് ബാസ്ക്കറ്റുകൾ കഴിഞ്ഞ വർഷത്തിൽ 3034 ശതമാനം വരുമാനം നേടിയിട്ടു്. പവർ വിഭാഗം അടിസ്ഥാന സൂചികയേക്കാൾ 8.1 ശതമാനവും എകോണമി റിക്കവറി പിക്സ് വിഭാഗം അടിസ്ഥാന സൂചികയേക്കാൾ 12 ശതമാനവും നേട്ടം കൈവരിച്ചിട്ടു്. മികച്ച ഗവേഷണത്തിൻറെ പിൻബലമുള്ള ഓഹരികളിൽ അച്ചടക്കമുള്ള രീതിയിൽ നിക്ഷേപിക്കാനുള്ള ബുദ്ധിമുട്ടില്ലാത്ത മാർഗമാണ് ഇൻവെസ്ടൈഗർ ലഭ്യമാക്കുന്നതെന്നും ഗൗരവ് ദുവ പറഞ്ഞു.

# ജിജെസിയുടെ ഇന്ത്യ ജെംസ് ആൻഡ് ജ്വല്ലറി ഷോ

ALL INDIA GEM AND JEWELLERY DOMESTIC COUNCIL GJC

**ചെന്നൈ:** നവരാത്രി, ദസറ, ധന്തേരസ്, ദീപാവലി തുടങ്ങിയ ഉത്സവങ്ങൾക്കും വിവാഹ സീസണുകൾക്കും മുന്നോടിയായി ഇന്ത്യ ജെംസ് ആൻഡ് ജ്വല്ലറി ഷോ (ജിജെഎസ്) ഒരുക്കുകയാണ് ഓൾ ഇന്ത്യ ജെം ആൻഡ് ജ്വല്ലറി ഡൊമസ്റ്റിക് കൗൺസിൽ (ജിജെസി). റീട്ടെയിലർമാർ, മൊത്തക്കച്ചവടക്കാർ, ഉപഭോക്താക്കൾ എന്നിവരുടെ ആഭരണ ആവശ്യകതകൾ നിറവേറ്റുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇന്ത്യയിലെ പ്രമുഖ ജ്വല്ലറി സോഴ്സിംഗ് എക്സിബിഷനായ ഈ ഷോയുടെ ദീപാവലി പതിപ്പായ ഓൾഇന്ത്യ ജെം ആൻഡ് ജ്വല്ലറി ഡൊമസ്റ്റിക് കൗൺസിൽ (ജിജെസി) 2023 സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 3 വരെ ജിയോ വേൾഡിൽ സംഘടിപ്പിക്കും. അതിശയിപ്പിക്കുന്നതും നൂതനവും വിശിഷ്ടവുമായ ആഭരണ ഡിസൈനുകൾ ഷോയിലുാകും. ദേശീയ ജ്വല്ലറി അവാർഡ് വിതരണം 2023 ഒക്ടോബർ ഒന്നിന് മുംബൈയിൽ നടക്കും.ഇന്ത്യയിലുടനീളമുള്ള ജ്വല്ലറികളെ ഒരു പ്ലാറ്റ്ഫോമിൽ എത്തിക്കുക എന്നതാണ് ജിജെഎസിന്റെ ലക്ഷ്യമെന്ന് ജിജെസി വൈസ് ചെയർമാൻ രാജേഷ് റോക്ഡെ പറഞ്ഞു. ജിജെഎസ് ഇവന്റിന്റെ ദീപാവലി പതിപ്പ് ഉത്സവ, വിവാഹ സീസണുകൾക്ക് മുന്നോടിയായി ആഭരണ പ്രേമികൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള സവിശേഷമായ അവസരമാണ് വാഗ്ദാനം ചെയ്യുന്നതെന്ന് ജിജെഎസ് ചെയർമാനും ജിജെഎസ് കൺവീനറുമായ സായം മെഹ്റ പറഞ്ഞു.

# ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്: അറ്റാദായം 60% ഉയർന്ന് 324 കോടിയായി

**കൊച്ചി:** ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്കിന്റെ അറ്റാദായം 2023 ജൂണിൽ അവസാനിച്ച പാദത്തിൽ 59.7 ശതമാനം വർധിച്ച് 324.07 കോടിയായതായി അധികൃതർ വ്യക്തമാക്കി.ഝ1എഥ24 ൽ, ബാങ്കിന്റെ അറ്റ പലിശ വരുമാനം (ചകക), സമ്പാദിച്ച പലിശയും ചെലവഴിച്ച പലിശയും തമ്മിലുള്ള വ്യത്യാസം, 599.7 കോടിയിൽ നിന്ന് 32.1 ശതമാനം ഉയർന്ന് 792.4 കോടിയായി.

# സ്കൂളിന് സിസിടിവി ക്യാമറകൾ നൽകി വിപിഎസ് ലേക്ഷോർ



**തൃപ്പൂണിത്തുറ:** വിപിഎസ് ലേക്ഷോർ തൃപ്പൂണിത്തുറ ഗവ. ബോയ്സ് എച്ച്.എസ്.എസ് സിന് സിസിടിവി ക്യാമറകൾ നൽകി.സ്വിച്ച് ഓൺ കർമ്മം തൃപ്പൂണിത്തുറ എംഎൽഎ കെ ബാബു നിർവ്വഹിച്ചു. സമൂഹത്തിന്റെ ന്യായമായ ഏതൊരു ആവശ്യത്തിനും എന്നും കൂടെ ഉാകുമെന്ന് വിപിഎസ് ലേക്ഷോർ മാനേജിങ് ഡയറക്ടർ എസ് കെ അബ്ദുള്ള അറിയിച്ചു. ചടങ്ങിൽ ലേക്ഷോർ കമ്പനി സെക്രട്ടറി ആർ മുരളീധരൻ, സ്കൂൾ പ്രിൻസിപ്പൽ പൊന്നമ്മ ടീച്ചർ, വി.എച്ച്.എസ്.എസ്. പ്രിൻസിപ്പൽ സെറീന പി.എസ്, മുൻസിപ്പാലിറ്റി വൈസ് ചെയർമാൻ പ്രദീപ് കുമാർ, ഹിൽ പാലസ് പോലിസ് സ്റ്റേഷൻ എസ്.എച്ച്.ഒ. സമീഷ് പി.എച്ച്, പി.റ്റി.എ പ്രസിഡന്റ് ശ്രീനിവാസൻ, പി.റ്റി.എ അംഗം സിറിയക്ക് എന്നിവർ പങ്കെടുത്തു.

# യൂത്ത് ഫെസ്റ്റ് 2023 :എൻട്രികൾ ക്ഷണിച്ചു

**കൊച്ചി:** വിദ്യാർത്ഥികൾക്കിടയിൽ എച്ച് ഐ വി / എയ്ഡ്സിനെ കുറിച്ച് അവബോധം ഉാക്കുന്നതിനായി കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും, സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പും വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.അന്താരാഷ്ട്ര യുവജന ദിനമായ ആഗസ്റ്റ് 12 ന് മുന്നോടിയായി ജില്ലാ അടിസ്ഥാനത്തിൽ മത്സരങ്ങൾ നടത്തും. കോളേജ് വിദ്യാർത്ഥികൾക്കായി (17 നും 25 നു മിടയിൽ പ്രായം ഉള്ളവർ ) നാടകം, റീൽസ്, മാരത്തോൺ എന്നീ ഇനങ്ങളിൽ മത്സരം നടത്തുന്നു.ഐടിഐ, പോളിടെക്നിക്ക്, ആർട്ട്സ് &സയൻസ് , പ്രഫഷണൽ കോളേജുകൾ തുടങ്ങി എല്ലാ കോളേജുകൾക്കും മത്സരത്തിൽ പങ്കെടുക്കാം. കൂടുതൽ വിനോദപരവും, വിജ്ഞാനപരവും, വസ്തുതാപരവുമായി കലയിലൂടെ സന്ദേശത്തെ അവതരിപ്പിക്കുന്നവരായിരിക്കും വിജയികളാവുക . വിജയികൾക്ക് ക്യാഷ് പ്രൈസ് നൽകുന്നതാണ്. നാടക മത്സരത്തിന് ഒന്നും രും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 8000 , 5000 , 3000 രൂപയും , മാരത്തോണിന് 4000, 2500 , 1500 രൂപയും , റീൽസിന് 1000, 750, 500 രൂപയുമാണ് സമ്മാന തുക. മാരത്തോൺ പുരുഷ / സ്ത്രീ പ്രത്യേകം മത്സരങ്ങൾ നടത്തും.പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ്യീൗവേളലലേസാ@ഴാമശഹ.രീാ എന്ന ഈ മെയിൽ വിലാസത്തിൽ പേര് , വയസ്സ്, പഠിക്കുന്ന കോഴ്സ്, സ്ഥാപനത്തിന്റെ പേര് , പങ്കെടുക്കുന്ന ഇനം , മൊബൈൽ നമ്പർ എന്നിവ സഹിതം ആഗസ്റ്റ് 4 നകം രജിസ്റ്റർ ചെയ്യണം. വിശദാംശങ്ങൾ ംംം.സമെൈ്യീൗവേളലെ.രീാ എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 7012722501,9526816588 ബന്ധപ്പെടാവുന്നതാണ്.

# തിരുവനന്തപുരത്തേയ്ക്കും കോഴിക്കോടേയ്ക്കും പ്രവർത്തനം വ്യാപിപ്പിച്ച് ബിഗ്ബാസ്ക്കറ്റ്




**തിരുവനന്തപുരം:** ടാറ്റാ സംരംഭമായ ബിഗ്ബാസ്ക്കറ്റ് (www.bigbasket.com) തിരുവനന്തപുരത്തും കോഴിക്കോടും പ്രവർത്തനമാരംഭിച്ചു. ഇതോടെ ഈ നഗരങ്ങളിലെ ഉപഭോക്താക്കൾക്ക് 30,000ത്തിലേറെ വരുന്ന നിത്യോപയോഗ സാധനങ്ങൾ അവരുടെ വിരൽത്തുമ്പിൽ ലഭ്യമാകും. 5000ത്തിലേറെ ഉൽപ്പന്നങ്ങൾ ചുരുങ്ങിയത് 6% ഇളവോടെ ഉപഭോക്താക്കൾക്കെത്തിക്കുന്ന ബിഗ്ബാസ്ക്കറ്റ് അങ്ങനെ ഷോപ്പിംഗ് എളുപ്പമാക്കുന്നതിനൊപ്പം ആദായകരവുമാക്കും. ആദ്യ ഓർഡറിനൊപ്പം 200 രൂപയുടെ സവിശേഷ ഇളവും കമ്പനി പ്രഖ്യാപിച്ചിട്ടുണ്ട്.തിരുവനന്തപുരത്തും കോഴിക്കോടും സേവനമാരംഭിക്കുന്നതോടെ ഈ മേഖലകളിലെ നിത്യോപയോഗ സാധനങ്ങളുടെ ഷോപ്പിംഗ് രംഗം ബിഗ്ബാസ്ക്കറ്റ് മാറ്റിമറിയ്ക്കുമെന്ന് ബിഗ്ബാസ്ക്കറ്റ് സഹസ്ഥാപകനും സിഇഒയുമായ ഹരി മേനോൻ പറഞ്ഞു.കേരളത്തിന്റെ തലസ്ഥാന നഗരവും ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ നഗരങ്ങളിലൊന്നുമായ തിരുവനന്തപുരം ബിഗ്ബാസ്ക്കറ്റിന്റെ പ്രധാനവിപണിയായയാണ് കമ്പനി കാണുന്നത്. കോഴിക്കോടിനും കേരളത്തിലെ ഏറ്റവും വലിയ നഗരങ്ങളിലൊന്ന് എന്ന പ്രാധാന്യവുമുണ്ട്. അതിവേഗത്തിലുള്ള ഡെലിവറി സേവനവും ചോദ്യങ്ങളൊന്നും ചോദിക്കാതെയുള്ള റിട്ടേൺ നയവുമാണ് ആയാസരഹിതമായ ഷോപ്പിംഗ് ഉറപ്പുവരുത്തുന്ന മറ്റ് ബിഗ്ബാസ്ക്കറ്റ് ഘടകങ്ങൾ. അരി, പരിപ്പുവർഗങ്ങൾ, എണ്ണകൾ, മസാലകൾ, പെഴ്സണൽ ഹൈജീൻ ഉൽപ്പന്നങ്ങൾ, പഴവർഗങ്ങൾ, പച്ചക്കറികൾ, അടുക്കളയിലും വീട്ടിൽ പൊതുവിലും ആവശ്യമായ സാധനങ്ങൾ തുടങ്ങിയ എല്ലാ നിത്യോപയോഗസാധനങ്ങളും ബിഗ്ബാസ്ക്കറ്റിലൂടെ ലഭ്യമാണ്. ടാറ്റാ കമ്പനി എന്ന നിലയിലുള്ള വിശ്വാസ്യതയും ആധികാരികതയുമാണ് ബിഗ്ബാസ്ക്കറ്റിനെ ജനപ്രിയമാക്കുന്ന മറ്റ് ആകർഷണങ്ങൾ. കൂടുതൽ വിൽപ്പന എന്നതിനേക്കാൾ ഗുണനിലവാരത്തിലും ആദായവിലയിലും ഊന്നുന്നതിലൂടെയാണ് ചുരുങ്ങിയ കാലം കൊണ്ട് കമ്പനി ഇന്ത്യയെങ്ങും ഉപഭോക്താക്കളുടെ പ്രിയബ്രാൻഡായി തീർന്നത്.കേരളം ബിഗ്ബാസ്ക്കറ്റിനെ സംബന്ധിച്ചിടത്തോളം ഏറെ പ്രധാനപ്പെട്ട വിപണിയാണെന്നും ഹരി മേനോൻ പറഞ്ഞു. തിരുവനന്തപുരത്തേയ്ക്കും കോഴിക്കോടേയ്ക്കും ഇപ്പോൾ പ്രവർത്തനം വ്യാപിപ്പിച്ചത് ഈ മേഖലകളിലെ വളരുന്ന അടിസ്ഥാന സൗകര്യങ്ങളും ആവശ്യങ്ങളും കണക്കിലെടുത്തുള്ള കമ്പനിയുടെ സ്വാഭാവിക വളർച്ചയുടെ ഭാഗമാണ്. കൊച്ചിയിൽ ബിഗ്ബാസ്ക്കറ്റിനു ലഭിക്കുന്ന ആവേശകരമായ പ്രതികരണവും ഈ പട്ടണങ്ങളുടെ സാധ്യതകളിലേയ്ക്ക് തങ്ങളെ ആകർഷിച്ചുവെന്നും അദ്ദേഹം പറഞ്ഞു. നിത്യോപയോഗസാധനങ്ങൾ വാതിൽപ്പടിയിൽ ലഭ്യമാക്കുന്ന സേവനത്തിന്റെ ഈ വളർച്ചയിൽ ഞങ്ങൾ ആവേശഭരിതരാണ്. ഉയർന്ന ഗുണനിലവാരമുള്ള ഉത്പ്പന്നങ്ങളിലൂടെയും ആദായവിലകളിലൂടെയും ഇന്ത്യയെങ്ങും വൻവളർച്ച നേടിയ ബിഗ്ബാസ്ക്കറ്റിന് അത് തിരുവനന്തപുരത്തും കോഴിക്കോടും ആവർത്തിക്കാൻ സാധിക്കുമെന്ന ആത്മവിശ്വാസമുണ്ടെന്നും അദ്ദേഹം പറഞ്ഞു.ഇന്ത്യയിലെ 400ലേറെ പട്ടണങ്ങളിൽ ബിഗ്ബാസ്ക്കറ്റിന് ഇപ്പോൾ സാന്നിധ്യമുണ്ട്. ഈ പട്ടണങ്ങളിലത്രയും ദിവസം തോറും മികച്ച ഗുണനിലവാരത്തിലും ആദായവിലയിലും ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിലൂടെ ഓൺലൈൻ ഗ്രോസറി വിപണിയിലെ മുൻനിരസ്ഥാനമാണ് ബിഗ്ബാസ്ക്കറ്റിനുള്ളത്. രാജ്യത്തെ ഓൺലൈൻ ഗ്രോസറി സ്ഥാപനങ്ങളുടെ കൂട്ടത്തിൽ 4.7 എന്ന ഉയർന്ന ആപ്പ് റേറ്റിംഗും ബിഗ്ബാസ്ക്കറ്റിനുണ്ട്. മാസംതോറും 1.5 കോടി ഉപഭോക്താക്കൾക്ക് സേവനമെത്തിക്കുന്ന കമ്പനിയുടെ ഇപ്പോഴത്തെ വരുമാനം 1.2 ബില്യൺ ഡോളറാണ്.

# തൃശൂർ ഇൻഫോപാർക്കിൽ പുതിയ സൗകര്യങ്ങൾ പ്രവർത്തന സജ്ജമാകുന്നു

**തൃശൂർ:** കേരളത്തിന്റെ ഐടി കുതിപ്പിന് വേഗം പകർന്ന് തൃശൂർ ഇൻഫോപാർക്കിലെ ഇന്ദീവരം സമുച്ചയത്തിന്റെ മൂന്നാം നിലയും പ്രവർത്തന സജ്ജമാകുന്നു. മൂന്നാം നിലകൂടി പൂർണമായും പ്രവർത്തന സജ്ജമാകുന്നതോടെ കൂടുതൽ കമ്പനികളെത്തുകയും അതുവഴി നിരവധി തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുകയും ചെയ്യും. ഇന്ദീവരം സമുച്ചയത്തിൽ മൂന്നാം നിലയിൽ 35000 ചതുരശ്ര അടിയിൽ നിർമാണം പൂർത്തിയാക്കിയ 20 പ്ലഗ് ആൻഡ് പ്ലേ ഓഫീസുകളാണുള്ളത്. ഇതിൽ പകുതിയിലധികം ഇതിനോടകം തന്നെ വിവിധ കമ്പനികൾ ഏറ്റെടുക്കാൻ താല്പര്യം പ്രകടിപ്പിച്ച് കഴിഞ്ഞു. വിവിധ ഓഫീസുകളിൽ 647 നേരിട്ടുള്ള തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. ഇതോടൊപ്പം തന്നെ നേരിട്ടല്ലാതെയും കൂടുതൽ തൊഴിലവസരങ്ങൾ പുതിയ സൗകര്യം ഒരുങ്ങുന്നതോടെ യാഥാർത്ഥ്യമാകും. അത്യാധുനിക രീതിയിൽ രൂപകൽപ്പന ചെയ്ത് നിർമാണം പൂർത്തിയാക്കിയിരിക്കുന്ന ഓഫീസുകളിൽ വർക്ക് സ്റ്റേഷനുകൾക്ക് പുറമെ ക്യാബിനുകളും ഡിസ്കഷൻ റൂമുകളുമുണ്ട്. ഇതോടൊപ്പം പൊതുവായ മീറ്റിംഗ് റൂമും ഭക്ഷണ ശാലയുമുണ്ട്. ഏഴു നിലകളുള്ള ഇന്ദീവരം സമുച്ചയത്തിന്റെ രണ്ടാം നില പ്രവർത്തന സജ്ജമാക്കി ഒരു വർഷത്തിനുള്ളിൽ തന്നെയാണ് മൂന്നാം നിലയിൽ പുതിയ സൗകര്യങ്ങൾ പണികഴിപ്പിച്ചത്. ഇതിനു പുറമെ നാലാം നിലയിലെ നിർമാണപ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കും. ഐടി രംഗത്ത് കേരളം ഇതുവരെ കൈവരിച്ചിട്ടുള്ള നേട്ടങ്ങളിൽ ഒരു കൂട്ടിച്ചേർക്കലാകും തൃശൂർ ഇൻഫോപാർക്കിൽ പുതിയ സൗകര്യങ്ങളെന്ന് ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ പറഞ്ഞു. കൊച്ചി ഇൻഫോപാർക്കിന് സമാനമായ രീതിയിൽ തന്നെയാണ് തൃശൂർ ഇൻഫോപാർക്കിന്റെയും വികസന പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്. 2009ൽ പ്രവർത്തനം ആരംഭിച്ച തൃശൂർ ഇൻഫോപാർക്ക് ഗ്രീന് ക്യാംപസെന്ന നിലയിൽ ശ്രദ്ധനേടിയതാണ്. നിലവിൽ അൻപത് കമ്പനികളിലായി 2000ൽ അധികം ജീവനക്കാർ ജോലി ചെയ്ത വരുന്നു.

# സംസ്ഥാനത്ത് 4500ലധികം ബസ് സർവീസുകൾകൂടി അവതരിപ്പിച്ച് ക്ലിയർട്രിപ്പ്

**കൊച്ചി:** കേരളത്തിൽ ബസ് ഗതാഗതം എല്ലാവർക്കും കൂടുതൽ പ്രാപ്യവും തടസരഹിതവുമാക്കി ക്ലിയർട്രിപ്പ്. ഫ് ളിപ്കാർട്ടിന്റെ ഉടമസ്ഥതയിലുള്ള കമ്പനി സംസ്ഥാനത്ത് 4500 ലധികം പുതിയ ബസ് സർവീസുകളാണ് പ്രഖ്യാപിച്ചിരിക്കുന്നത്. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ടേഷൻ കോർപ്പറേഷനുമായും (കെഎസ്ആർടിസി) മറ്റ് പ്രമുഖ സ്വകാര്യ കമ്പനികളുമായും സഹകരിച്ചുകൊണ്ടാണ് യാത്രക്കാർക്ക് വിവിധ ബസ് സർവീസുകൾ വാഗ്ദാനം ചെയ്യുന്നത്. മികച്ച യാത്ര കണക്റ്റിവിറ്റി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഈ വർഷമാദ്യമാണ് ക്ലിയർട്രിപ്പ് ബസ് സർവീസുകൾക്കും തുടക്കം കുറിക്കുന്നത്. പത്ത് ലക്ഷം ബസ് കണക്ഷനുകളുള്ള കമ്പനി രാജ്യത്തെ ഏറ്റവും വിപുലമായ ബസ് ശൃംഖല നിർമ്മിക്കാനും പദ്ധതിയിടുന്നു. ലോഞ്ച് ചെയ്തതുമുതൽ പ്രതിമാസം 100 ശതമാനം വളർച്ചയാണ് കമ്പനി രേഖപ്പെടുത്തുന്നത്. കെഎസ്ആർടിസിയുമായി സഹകരിക്കുന്നതിൽ സന്തോഷമുണ്ടെന്ന് ക്ലിയർട്രിപ്പ് ഹെഡ് ഓഫ് സ്ട്രാറ്റജി കാർത്തിക് പ്രഭു പറഞ്ഞു. ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളം സഞ്ചരികൾ ഇപ്പോഴും വലിയ രീതിയിൽ തിരഞ്ഞെടുക്കുന്ന ഒരു വിനോദ സഞ്ചാര കേന്ദ്രമാണ്. കേരളത്തിന്റെ വിനോദസഞ്ചാരത്തിന് മികച്ച പിന്തുണ നൽകികൊണ്ട് അന്തർ സംസ്ഥാന, പ്രാദേശിക യാത്രകളെ സഹായിക്കുന്നതിന് റോഡ് കണക്റ്റിവിറ്റി വർദ്ധിപ്പിക്കാനാകുമെന്നും തങ്ങൾ പ്രതീക്ഷിക്കുന്നുതായും അദ്ദേഹം കൂട്ടിച്ചേർത്തു. പുതിയ ബസ് സർവീസുകൾ അവതരിപ്പിക്കുന്നതിലൂടെ സമാനതകളില്ലാത്ത സുതാര്യത വഴി ഉപയോക്തൃ ആവശ്യങ്ങൾ വിജയകരമായി കൈകാര്യം ചെയ്യുകയാണ് ക്ലിയർട്രിപ്പ്. 24 മണിക്കൂർ വോയ്സ് ഹെൽപ്പ്ലൈനിനൊപ്പം ഓരോ ബസ് ബുക്കിംഗിനും സൂപ്പർകോയിനുകൾ നേടാനും സെൽഫ് സെർവ് റദ്ദാക്കലും സാധ്യമാണ്. കൺവീനിയൻസ് ഫീസ് ഇല്ലയെന്നതും 24 മണിക്കൂർ റീഫണ്ടുകളും മറ്റ് പ്രധാന സവിശേഷതകളാണ്. വൈമാനിക യാത്ര, ഹോട്ടലുകൾ, ബസുകൾ എന്നിവയ്ക്ക് കീഴിലുള്ള ഓഫറുകൾ ശക്തിപ്പെടുത്തുന്നതിലൂടെയും പണത്തിന് മൂല്യമെന്ന പ്രതിബദ്ധതിയിലൂന്നിയുള്ള പ്രവർത്തനങ്ങളിലൂടെയും ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ ഓൺലൈൻ ട്രാവൽ ഏജൻസിയായും (ഒടിഎ) അടുത്തിടെ അംഗീകാരം നേടിയിരുന്നു.

# ജിയോ ബുക്ക് വിപണിയിലെത്തുന്നു

**കൊച്ചി:**റിലയൻസ് റീട്ടെയിലിന്റെ ജിയോബുക്ക് വിപണിയിലേക്കെത്തുന്നു. നൂതന ജിയോ ഒ എസ് ഓപ്പറേറ്റിംഗ് സിസ്റ്റം, സ്റ്റൈലിഷ് ഡിസൈൻ, ഇന്റർനെറ്റ് കണക്റ്റിവിറ്റി എന്നീ സവിശേഷതകളോടെയാണ് ജിയോ ബുക്ക് എത്തുന്നതെന്ന് റിലയൻസ് റീട്ടെയിൽ വക്താവ് പറഞ്ഞുമാറ്റ് ഫിനിഷ്, അൾട്രാ സ്ലിം ബിൽറ്റ്, ലൈറ്റ് വെയ്റ്റ് (990ഗ്രാം) എന്നിങ്ങനെ സ്റ്റൈലിഷ് ഡിസൈനിലാണ് ജിയോബുക്ക് ഒരുക്കിയിരിക്കുന്നത്. 2.0 ഏഎ ഒക്ടാ കോർ പ്രോസസർ, 4 GB LPDDR4 dmw, 64GB സ്റ്റോറേജ് (SD കാർഡ് ഉപയോഗിച്ച് 256ഏആ വരെ വികസിപ്പിക്കാം) , ഇൻഫിനിറ്റി കീബോർഡ്, വലിയ മൾട്ടിജെസ്റ്റർ ട്രാക്ക്പാഡ്, ഇൻബിൽറ്റ് USB/HDMI പോർട്ടുകൾ എന്നിവയിലൂടെ ഇത് മികച്ച പ്രകടനം നൽകും.കട്ടിംഗ് എഡ്ജ് ഓപ്പറേറ്റിംഗ് സിസ്റ്റം ജിയോ ഒ എസ്,4ഏ, ഡ്യുവൽബാൻഡ് വൈഫൈ കണക്റ്റിവിറ്റി,അൾട്രാ സ്ലിം, സൂപ്പർ ലൈറ്റ് (990ഗ്രാം), മോഡേൺ ഡിസൈൻ,സുഗമമായ മൾട്ടി ടാസ്കിംഗിനായി ശക്തമായ ഒക്ടാകോർ ചിപ്സെറ്റ്,11.6 (29.46ഇങ) ആന്റിഗ്ലെയർ ഒഉ ഡിസ്പ്ലേ,ഇൻഫിനിറ്റി കീബോർഡും വലിയ മൾട്ടിജെസ്റ്റർ ട്രാക്ക്പാഡും,ഡടആ, ഒഉങക, ഓഡിയോ തുടങ്ങിയ ഇൻബിൽറ്റ് പോർട്ടുകൾ എന്നിവയാണ് ജിയോബുക്കിന്റെ ഹാർഡ്വെയർ സവിശേഷതകൾ.വിദ്യാർത്ഥികൾക്ക് കൂടുതൽ അനുയോജ്യമായ ഈ ജിയോ ബുക്ക് ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാനും കോഡിങ്ങ് പഠിക്കാനും, ഓൺലൈൻ വ്യാപാരം ചെയ്യാനുമെല്ലാം അനുയോജ്യമായ ഒരു മെച്ചപ്പെട്ട ഉത്പ്പന്നമാണെന്നും റിലയൻസ് റീട്ടെയിൽ വക്താവ് പറഞ്ഞു.എല്ലാ പ്രായത്തിലുമുള്ള പഠിതാക്കൾക്ക് പുതിയ ടെക്നോളജിയും തടസ്സമില്ലാത്ത കണക്റ്റിവിറ്റി ഓപ്ഷനുകളും നൽകുന്ന ഞങ്ങളുടെ ഏറ്റവും പുതിയ ഓഫറാണ് ജിയോബുക്ക്. ആളുകൾ പഠിക്കുന്ന രീതിയിൽ ജിയോബുക്ക് വിപ്ലവം സൃഷ്ടിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു, വ്യക്തിഗത വളർച്ചയിലൂടെ പുതിയ അവസരങ്ങൾ തുറക്കാനും ജിയോ ബുക്കിന് സാധിക്കുമെന്നുമ റിലയൻസ് റീട്ടെയിൽ വക്താവ് പറഞ്ഞു.



# സൗത്ത് ഇന്ത്യൻ ബാങ്കും ഡിബിഎഫ്എസും കൈകോർക്കുന്നു

**കൊച്ചി:** എൻആർഐ ഉപഭോക്താക്കൾക്ക് പോർട്ട്ഫോളിയോ നിക്ഷേപ സേവനങ്ങൾ നൽകുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്ക് ദോഹ ബ്രോക്കറേജ് ആന്റ് ഫിനാൻഷ്യൽ സർവീസസ് (ഡിബിഎഫ്എസ്) ലിമിറ്റഡിനെ ട്രേഡിങ് പങ്കാളിയാക്കി. ഇതു സംബന്ധിച്ച ധാരണാ പത്രം സൗത്ത് ഇന്ത്യൻ ബാങ്ക് എൻആർഐ ബിസിനസ് ഹെഡ് ആനന്ദ് സുബ്രമണ്യവും ഡിബിഎഫ്എസ് മാനേജിങ് ഡയറക്ടർ പ്രിൻസ് ജോർജും ചേർന്ന് ഒപ്പുവച്ചു. എസ്ഐബി എസ്ജിഎമ്മും കണ്ട്രി ഹെഡുമായ സഞ്ചയ് സിൻഹ, ഡിബിഎഫ്എസ് ഡയറക്ടർ പോൾ തോമസ്, എക്സിക്യൂട്ടീവ് ഡയറക്ടറും സിഎസുമായ ജോൺകുട്ടി ജെയിംസ് തുടങ്ങി ഇരു സ്ഥാപനങ്ങളിലേയും ഉന്നത മാനേജ്മെന്റ് പ്രതിനിധികളും ചടങ്ങിന് സാക്ഷ്യം വഹിച്ചു.മിഡിൽ ഈസ്റ്റിലെ മുൻനിര ട്രേഡിങ് സ്ഥാപനമായ ഡിബിഎഫ്എസുമായുള്ള പങ്കാളിത്തം ലോകത്തൊട്ടാകെയും, പ്രത്യേകിച്ച് ജിസിസി രാജ്യങ്ങളിലുമുള്ള എസ്ഐബിയുടെ എൻആർഐ ഉപഭോക്താക്കൾക്ക് പോർട്ട്ഫോളിയോ നിക്ഷേപ സേവനങ്ങൾ (പിഐഎസ്) ലഭ്യമാക്കാൻ സഹായകമാകും. എസ്ഐബി മിറർ പ്ലസ് ആപ്പിലും ജൂൺ മാസം മുതൽ പിഐഎസ് അക്കൗണ്ട് ഓപണിങ് സൗകര്യമൊരുക്കിയിട്ടുണ്ട്. ഡിബിഎഫ്എസുമായുള്ള സഹകരണം ഈ വിപണികളിൽ ഞങ്ങളുടെ സാന്നിധ്യം കൂടുതൽ ശക്തമാക്കുമെന്ന് ഉറപ്പാണെന്ന് എസ്ഐബി എൻആർഐ ബിസിനസ് ഹെഡ് ആനന്ദ്




സുബ്രമണ്യം പറഞ്ഞു.എസ്ഐബി ഉപഭോക്താക്കൾക്ക് ലോകോത്തര സ്റ്റോക്ക് ട്രേഡിങ്, നിക്ഷേപാനുബന്ധ സേവനങ്ങൾ ലഭ്യമാക്കാൻ ഈ സഹകരണത്തിലൂടെ ഡിബിഎഫ്എസിന് കഴിയും. ഉപഭോക്താക്കളുടെ ആസ്തി മാനേജ്മെന്റ് ലക്ഷ്യങ്ങൾ നിറവേറ്റാൻ ഉതകുന്ന വിജയകരമായ പങ്കാളിത്തമായിരിക്കുമിത്. ഇത് രണ്ട് സ്ഥാപനങ്ങൾക്കും മികച്ച ഗുണഫലം ലഭിക്കുന്ന ബന്ധമാകുമെന്ന് ഉറപ്പാണെന്ന് ഡിബിഎഫ്എസ് എംഡി പ്രിൻസ് ജോർജ് പറഞ്ഞു.ഡിബിഎഫ്എസിനെ കൂടാതെ മറ്റ് മുൻനിര ബ്രോക്കറേജ് കമ്പനികളുമായും എസ്ഐബിക്ക് പരസ്പര സഹകരണ പങ്കാളിത്തമുണ്ട്. ഡിബിഎഫ്എസ് കൂടി എത്തുന്നതോടെ ബാങ്കിന്റെ എൻആർഐ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാകും.

# പയനിയർ ഇന്ത്യയിൽ ആർ ആന്റ് ഡി ഫുട്പ്രിന്റ് വികസിപ്പിക്കുന്നു




**കൊച്ചി:** പയനിയർ കോർപ്പറേഷൻ ഇന്ന് ആർ ആന്റ്ഡി യുടെ സാന്നിദ്ധ്യം ചേർത്ത് ഇന്ത്യയിൽ അതിന്റെ ഫുട്പ്രിന്റ് വിപുലീകരിക്കാനുള്ള പദ്ധതി പ്രഖ്യാപിച്ചു. പയനിയർ ഇന്ത്യയിലെ ഗുരുഗ്രാമിലെയും ബെംഗളൂരുവിലെയും ഓഫീസുകളിൽ ആർ ആന്റ് ഡി സ്ഥാപിക്കുന്നതിലൂടെ, നവീകരണത്തിന്റെ നിർമ്മാണം വേഗം നടത്തുകയും മൊബിലിറ്റി മേഖലയിൽ നൂതനമായ ഉൽപ്പന്നങ്ങളും സേവനങ്ങളും വികസിപ്പിക്കുകയും കൂടാതെ ആർ ആന്റ് ഡി ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ എഞ്ചിനീയർമാരെ റിക്രൂട്ട് ചെയ്യുന്നതിലും പരിശീലിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യും. ഇത് അതിവേഗം വളരുന്ന ഇന്ത്യൻ വിപണി ഉൾപ്പെടെയുള്ള ഞങ്ങളുടെ ആഗോള തന്ത്രത്തെ കൂടുതൽ ശക്തിപ്പെടുത്തുകയും ലക്ഷ്യമിടുന്ന ഒരു സൊല്യൂഷൻസ് ആൻഡ് സർവീസ് കമ്പനിയായി സ്വയം മാറുന്നത് ആരംഭിക്കുകയും ചെയ്യും.

# ഇന്ത്യയിൽ സ്വർണത്തിന്റെ ഡിമാൻഡ് 7% ഇടിഞ്ഞു

**കൊച്ചി:** ലോക ഗോൾഡ് കൗൺസിലിന്റെ (ഡബ്ല്യുജിസി) കണക്കനുസരിച്ച്, ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ സ്വർണ്ണ ഉപഭോക്താവായ ഇന്ത്യയിൽ, ഏപ്രിൽ-ജൂൺ പാദത്തിൽ സ്വർണ്ണത്തിന്റെ ആവശ്യകത ഏഴ് ശതമാനം കുറഞ്ഞ് 158.1 ടണ്ണായി.മുൻ വർഷത്തെ 170.7 ടണ്ണുമായി താരതമ്യപ്പെടുത്തുമ്പോൾ 2023 ലെ രണ്ടാം പാദത്തിൽ ഇന്ത്യയുടെ സ്വർണ്ണ ഡിമാൻഡ് 7% കുറഞ്ഞ് 158.1 ടണ്ണായി. 2023 ലെ രണ്ടാം പാദത്തിൽ ഇന്ത്യയിൽ സ്വർണ്ണാഭരണങ്ങളുടെ ആവശ്യകത 8% കുറഞ്ഞ് 128.6 ടണ്ണായി. 2022 ലെ രണ്ടാം പാദത്തിൽ നിക്ഷേപത്തിന്റെ ആവശ്യകത 3% കുറഞ്ഞ് 29.5 ടണ്ണായി 30.4 ടണ്ണായി. ഈ പാദത്തിൽ 2,000 രൂപ നോട്ടുകൾ നിരോധിച്ചതിനെത്തുടർന്ന് സ്വർണ്ണ ഡിമാൻഡിൽ ഹ്രസ്വവും എന്നാൽ ശ്രദ്ധേയവുമായ സ്വാധീനം ഉണ്ടായി. സ്വർണ്ണത്തിന്റെ ആവശ്യകതയിൽ ഹ്രസ്വകാല പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന നയ മാറ്റങ്ങളോടുള്ള ഇന്ത്യൻ ഉപഭോക്താക്കളുടെ സംവേദനക്ഷമത ഇത് എടുത്തു കാണിക്കുന്നു. ഉയർന്ന സ്വർണ്ണ വിലയും പണപ്പെരുപ്പവും സംബന്ധിച്ച വെല്ലുവിളികൾ നിലനിൽക്കുന്നുണ്ടെങ്കിലും, പിന്തുണ നൽകുന്ന സാമ്പത്തിക പശ്ചാത്തലവും ഉപഭോക്തൃ പൊരുത്തപ്പെടുത്തലും വിപണിയുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചുവെന്ന് വേൾഡ് ഗോൾഡ് കൗൺസിൽ ഇന്ത്യ റീജിയണൽ സിഇഒ സോമസുന്ദരം പിആർ പറഞ്ഞു

# ടാറ്റാ ബ്ലൂസ്കോപ്പ് സ്റ്റീൽ നിർമാണ മേഖലയിലെ സേവന ദാതാവായി മാറുന്നു

**കൊച്ചി:** ഇന്ത്യയിലെ കളർ കോട്ടഡ് സ്റ്റീൽ രംഗത്തെ മുൻനിരക്കാരായ ടാറ്റാ ബ്ലൂ സ്കോപ്പ് സ്റ്റീൽ ഉൽപന്നാധിഷ്ഠിത സ്ഥാപനം എന്നതിൽ നിന്ന് സേവനാധിഷ്ഠിത സ്ഥാപനമെന്ന നിലയിലേക്കു മാറുന്ന നിർണായക നീക്കം ആരംഭിച്ചതായി പ്രഖ്യാപിച്ചു. ചാനൽ പങ്കാളികൾക്കായി ജംഷഡ്പൂരിൽ നടത്തിയ പ്രഥമ ആകാർ കോൺക്ലേവിലാണ് ഇക്കാര്യം പ്രഖ്യാപിച്ചത്.ആകാർ എന്ന ഹിന്ദി വാക്കിൻറെ അർത്ഥം ആകൃതി എന്നാണ്. സ്റ്റീൽ നിർമാണ സംവിധാനങ്ങൾക്ക് ഹരിതമായ ഭാവി ഉറപ്പാക്കാനായി യോജിച്ചു മുന്നോട്ടു പോകുകയാണ് ഈ പൊതുവേദിയിലൂടെ ലക്ഷ്യമിടുന്നത്. ലൈസാറ്റ്, ഈസിബിൽഡ് സേവനങ്ങളുടെ ഉപയോക്താക്കളുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്ക് ഒരുകുടക്കീഴിൽ അവസരമൊരുക്കുന്നതാണ് ആകാർ.കളർ കോട്ടഡ് സ്റ്റീൽ വ്യവസായ മേഖലയിലെ മാറ്റങ്ങൾക്ക് അനുസൃതവും ഉപഭോക്താക്കളിൽ നിന്നുള്ള ആവശ്യങ്ങൾ കണക്കിലെടുത്തുള്ളതും ആണ് ഈ തീരുമാനമെന്ന് ടാറ്റാ ബ്ലൂസ്കോപ്പ് സ്റ്റീൽ മാനേജിങ് ഡയറക്ടർ അനൂപ് ത്രിവേദി പറഞ്ഞു. മൂല്യം, പുതുമ, ഉപഭോക്തൃ സംതൃപ്തി എന്നീ മേഖലകളിൽ ഉയർന്ന തലം കൈവരിക്കാൻ സമഗ്രമായ ഈ നീക്കങ്ങളിലൂടെ ടാറ്റാ ബ്ലൂസ്കോപ്പ് സ്റ്റീൽ ലക്ഷ്യമിടുന്നു. ഉപഭോക്താക്കൾ നേരിടുന്ന സങ്കീർണമായ വെല്ലുവിളികൾ നേരിടാനും വിവിധ വ്യവസായങ്ങളിൽ അർത്ഥപൂർണമായ പ്രതിഫലനങ്ങൾ സൃഷ്ടിക്കാനും ഇതു സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഇന്ത്യൻ വിപണിയിൽ ഏറെ സാധ്യതകളുള്ളതും മുൻഗണനയുള്ളതുമായ ഒരു വ്യവസായമാണിത്. മേൽക്കൂരകളും ചുമരുകളും ഉൾപ്പെടെയുള്ള ഉൽപന്നങ്ങളും അനുബന്ധ സാമഗ്രികളും നിർമാണ വൈദഗ്ദ്ധ്യവും സ്ഥാപിച്ചതിനു ശേഷമുള്ള സേവനങ്ങളും അടങ്ങിയ സമഗ്ര സംവിധാനങ്ങളാവും കമ്പനി നൽകുക. നിലവിൽ ഉയർന്നു വരുന്ന സാഹചര്യങ്ങൾ ഹരിത സേവനങ്ങൾക്ക് വലിയ സ്ഥാനമാണു നൽകുന്നത്. ഏകജാലക സേവനങ്ങൾ, തൊഴിലിടത്തെ സുരക്ഷ, നിർമാണ വൈദഗ്ദ്ധ്യം എന്നിവയ്ക്കും ഇതേ പ്രാധാന്യമുണ്ട്. ഈ സേവനങ്ങൾക്ക് വലിയ അവസരങ്ങളാണ് ഉയർന്നു വരുന്നത്.ഉപഭോക്താക്കളുടെ ഉയർന്നു വരുന്ന ആവശ്യങ്ങൾ നിരവേറ്റാനും സുസ്ഥിരവും സമഗ്രവുമായ പരിഹാരങ്ങൾ ലഭ്യമാക്കാനും കമ്പനിക്കുള്ള പ്രതിബദ്ധതയാണ് ഈ മാറ്റങ്ങളിലൂടെ ദൃശ്യമാകുന്നതെന്ന് ടാറ്റാ ബ്ലൂസ്കോപ്പ് സ്റ്റീൽ മാർക്കറ്റിങ്, സൊലൂഷൻ ആൻറ് സ്ട്രാറ്റജിക് സോഴ്സിങ് വൈസ് പ്രസിഡൻറ് സി ആർ കുൽക്കർണി പറഞ്ഞു. തങ്ങളുടെ വളർച്ചയിൽ സേവന പങ്കാളികൾക്കുള്ള സമഗ്ര പങ്കാണ് ഈ നീക്കത്തിലൂടെ തങ്ങൾ അംഗീകരിക്കുന്നത്. കഴിവുകൾ വർധിപ്പിക്കാൻ അവരെ പിന്തുണക്കുകയും വിപുലമായ ഉൽപന്നങ്ങളും സേവനങ്ങളും നൽകുകയും വഴിയും ഉപഭോക്തൃ സേവനത്തിൽ അവരെ മികച്ച തലത്തിലേക്കുയർത്തുക വഴിയും തങ്ങൾ അവർക്കു പൂർണ പിന്തുണ നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഈ മാറ്റത്തിലൂടെ ടാറ്റാ ബ്ലൂസ്കോപ്പ് സ്റ്റീൽ വിപുലമായ വൈദഗ്ദ്ധ്യം, സാങ്കേതികവിദ്യാ മികവ്, ഓരോ വേളയിലും ആവശ്യമായ പ്രത്യേക സേവനങ്ങൾ രൂപൽക്കരിക്കാനുള്ള വിപുലമായ പങ്കാളിത്തം എന്നിവ നൽകും. പരമ്പരാഗത സേവനങ്ങളിൽ നിന്നും വ്യത്യസ്തമായി യഥാർത്ഥ ലോകത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സംവിധാനങ്ങൾ നൽകാനും ഇതിലൂടെ സാധ്യമാകുമെന്നും അദ്ദേഹം പറഞ്ഞു.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2023 ജൂലൈ സെഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ എയർലൈൻ ആൻറ് എയർപോർട്ട് മാനേജ്മെന്റിന് (ഉഅങ) പ്രോഗ്രാമിലേക്ക് പ്ലസ്ടു അഥവാ തത്തുല്യ യോഗ്യതയോ ഉള്ളവർക്ക് അപേക്ഷിക്കാം. അംഗീകൃത പഠന കേന്ദ്രങ്ങളുടെ നേതൃത്വത്തിലാണ് സമ്പർക്ക ക്ലാസുകൾ ക്രമീകരിച്ചിട്ടുള്ളത്. വിവിധ എയർപോർട്ടുകളിൽ ഇന്റേൺഷിപ്പ് ഈ പ്രോഗ്രാമിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോഗ്രാമിൽ മികവ് പുലർത്തുന്നവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള സേവനങ്ങളും എയർപോർട്ട് മാനേജ്മെന്റ് രംഗത്തുള്ള ഏജൻസികളുടെ സഹകരണത്തോടെ നടത്തുന്നതാണ്.

https://apps.rccc.in/register എന്ന ലിങ്കിലൂടെആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാം .

https:/s/rccc.in/download എന്ന ലിങ്കിൽ നിന്നും അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്തും അപേക്ഷിക്കാം. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 10. വിശദവിവരങ്ങൾ തിരുവനന്തപുരം നന്ദാവനത്തുള്ള എസ്.ആർ.സി. ഓഫീസിൽ നിന്ന് നേരിട്ടും ലഭിക്കും. വിലാസം ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം33. 8006 Mo: 0471 2570471, 9846033009, 9846033001 0631308 www.srccc.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

# ഡ്യൂറോഫ്ളക്സ്: വിരാട് കോഹ്ലിയുടെ പരസ്യപ്രചരണം തുടങ്ങി




**കൊച്ചി:** ഇന്ത്യയിലെ മുൻനിര സ്ലീപ് സൊല്യൂഷൻ ദാതാക്കളായ ഡ്യൂറോഫ്ളക്സ് തങ്ങളുടെ ദേശീയ ബ്രാൻഡ് അംബാസഡറായ വിരാട് കോഹ്ലിയെ വച്ചുകൊണ്ടുള്ള എനർജൈസ് മാട്രസ് റേഞ്ച് അവതരിപ്പിക്കുന്ന ആദ്യ പ്രചാരണ പരിപാടി ആരംഭിച്ചു. ജീവിതശൈലിയെ കുറിച്ച് സംസാരിക്കുമ്പോൾ നിർണ്ണായക വിഷയമാകുന്നത് ഉറക്കമാണെന്നും പരിശീലനത്തോടും നല്ല ഭക്ഷണക്രമത്തോടും നിങ്ങളുടെ ശരീരം പ്രതികരിക്കണമെങ്കിൽ ആരോഗ്യകരമായ 8 മണിക്കൂർ നീണ്ട ഉറക്കം ലഭിക്കേണ്ടത് പ്രധാനമാണെന്നും ഡ്യൂറോഫ്ളക്സിനു വേണ്ടിയുള്ള തന്റെ ആദ്യ പ്രചാരണ പരിപാടിയെ കുറിച്ച് സംസാരിക്കവെ ബ്രാൻഡ് അംബാസഡർ വിരാട് കോഹ്ലി പറഞ്ഞു. താൻ വളരെ നന്നായി ഉറങ്ങാറുണ്ട്. ദീർഘനേരം ഉറങ്ങുന്നതു കൊണ്ട് ഊർജ്ജസ്വലത തിരിച്ചു പിടിക്കാൻ തനിയ്ക്ക് കഴിയാറുണ്ട്. ശാരീരികവും മാനസികവുമായ ആരോഗ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് അതെന്നും വിരാട് കോഹ്ലി പറഞ്ഞു. വിരാട് കോഹ്ലിയെ വച്ചുകൊണ്ടുള്ള പുതിയ ബ്രാൻഡ് പ്രചാരണം തങ്ങളുടെ മുഖ്യ വിശ്വാസത്തിന്റെ മൂർത്തീകരണമാണ്. ശാരീരികക്ഷമതയുടെ ഉദാത്ത മാതൃകയാണ് വിരാടെന്നും ഡ്യൂറോഫ്ളക്സിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മോഹൻരാജ് ജഗന്നിവാസൻ പറഞ്ഞു.ഒട്ടേറെ പേർക്ക് പ്രചോദനമാണ് അദ്ദേഹം. മഹത്തായ ഉറക്കം മഹത്തായ ആരോഗ്യത്തിലേക്ക് നയിക്കുന്നുഎന്ന ഞങ്ങളുടെ തത്വശാസ്ത്രവുമായി നന്നായി ഇണങ്ങുന്ന വ്യക്തിയാണ് അദ്ദേഹം. അതിനാൽ കൂടുതൽ ആളുകളിലേക്ക് ഈ സന്ദേശം എത്തിക്കുവാൻ തങ്ങൾക്ക് കഴിയുന്നുവെന്നും മോഹൻരാജ് ജഗന്നിവാസൻ പറഞ്ഞു.സ്മാർട്ട് സ്ലീപ്പ് ഉൽപ്പന്നങ്ങളുടെ നിരയെ മികവുറ്റതാക്കുന്ന നവീനമായ സമ്മർദ്ദം ഇല്ലാതാക്കുന്ന ഒരു സാങ്കേതിക വിദ്യയാണ് ഡ്യൂറോഫ്ളക്സിന്റെ എനർജൈസ് മാട്രസ് വാഗ്ദാനം ചെയ്യുന്നത്. കോപ്പർ ജെൽ ഇൻഫ്യൂസ് ചെയ്തിട്ടുള്ള സമ്മർദ്ദം ഇല്ലാതാക്കുന്ന തുണിത്തരം ഉപയോഗിക്കുന്ന എനർജൈസ് നിര ഉറക്ക സാങ്കേതിക വിദ്യയുടെ ലോകത്തെ പുനർനിർവചിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | CUSTOMER SATISFACTION 100% GUARANTEED | CERTIFIED ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663